2023
MAY
22
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN WAYANADAN PRODUCTS
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621




## കെഫോൺ ഉദ്ഘാടനം ജൂൺ 5ന്

**തിരുവനന്തപുരം:** കെഫോൺ പദ്ധതിയുടെ ഉദ്ഘാടനം ജൂൺ 5ന് നടക്കും. സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും അതിവേഗ ഇന്റർനെറ്റ് സൗകര്യം കെഫോൺ മുഖേന ലഭ്യമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. നിലവിൽ 18000 ഓളം സർക്കാർ സ്ഥാപനങ്ങളിൽ കെഫോൺ മുഖേന ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിക്കഴിഞ്ഞു. 7000 വീടുകളിൽ കണക്ഷൻ ലഭ്യമാക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ചു. അതിൽ 748 കണക്ഷനുകൾ നൽകിയതായും മുഖ്യമന്ത്രി പറഞ്ഞു.

## പ്രതിരോധ മേഖലയിലെ ഉൽപാദനം 1 ലക്ഷം കോടി



**ന്യൂഡൽഹി:** പ്രതിരോധ സാമഗ്രികളുടെ ഉൽപാദനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം രാജ്യത്തിനു വൻ നേട്ടം. 2022  23 കാലയളവിൽ രാജ്യത്തെ പ്രതിരോധ ഉൽപാദനത്തിന്റെ മൂല്യം ഒരു ലക്ഷം കോടി രൂപ കവിഞ്ഞു. ആദ്യമായാണ് ഉൽപാദന മൂല്യം ഒരു ലക്ഷം കോടി കവിയുന്നത്. മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 12 ശതമാനമാണു വർധന. പ്രതിരോധ നിർമാണ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള രാജ്യത്തിന്റെ ശ്രമങ്ങൾക്ക് ഇതു ഉണർവേകും.

## കേന്ദ്രത്തിന് ആർബിഐ 87,416 കോടി കൈമാറും

**മുംബൈ:** കേന്ദ്രസർക്കാരിന് 87,416 കോടി രൂപ കൈമാറാൻ റിസർവ് ബാങ്ക് ബോർഡ് യോഗത്തിൽ തീരുമാനമായി.




മാർച്ച് 3 ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ റിസർവ് ബാങ്കിന്റെയും പൊതുമേഖലാ ബാങ്കുകളുടെയും ലാഭവിഹിതമായി 48,000 കോടി ലഭിക്കുമെന്നായിരുന്നു ബജറ്റിൽ കേന്ദ്രം പ്രതീക്ഷ വച്ചത്. 2022 സാമ്പത്തിക വർഷം 30,307 കോടിയാണ് ആർബിഐ കൈമാറിയത്. ട്രഷറിയിൽ നിന്നുള്ള ഉയർന്ന പലിശ വരുമാനം, ഡോളർ വിറ്റഴിച്ചതു മൂലമുണ്ടായ ലാഭം എന്നിവയാണ്  തുക ഉയരാൻ കാരണം.

# ജി20 ഉച്ചകോടിക്ക് ഒരുങ്ങി ശ്രീനഗർ

## എതിർപ്പുമായി ചൈനയും പാക്കിസ്ഥാനും

**ശ്രീനഗർ:** ചൈനയുടെയും ഭീകര രാജ്യമായ പാക്കിസ്ഥാന്റെയും എതിർപ്പുകൾക്കും സുരക്ഷാ വെല്ലുവിളികൾക്കുമിടയിൽ ജി20 ഉച്ചകോടിയുടെ ഭാഗമായുള്ള ടൂറിസം വർക്കിങ് കമ്മിറ്റി യോഗത്തിനൊരുങ്ങി ശ്രീനഗർ. ഇന്നു മുതൽ അടുത്ത മൂന്ന് ദിവസങ്ങളിലാണ് യോഗം. ഫിദായീൻ ആക്രമണം മുതൽ കാർ ബോംബ് ഭീഷണിവരെ നിലനിൽക്കുന്നതിനാൽ മറീൻ കമാൻഡോകളെയും എൻഎസ്ജിയെയും വേദിക്ക് സുരക്ഷയൊരുക്കാൻ വിന്യസിച്ചുകഴിഞ്ഞു.

കശ്മീർ തർക്ക പ്രദേശമാണെന്നും അവിടെ ജി20 പരിപാടികൾ നടത്തുന്നത് അംഗീകരിക്കില്ലെന്നും ചൈന പറഞ്ഞു.

കശ്മീർ വേദിയാക്കാനുള്ള ഇന്ത്യൻ തീരുമാനം നിരുത്തരവാദപരമായ സമീപനമെന്ന് പാക്കിസ്ഥാനും പ്രതികരിച്ചു. ഒരുമാസത്തിനിടെ വലിയ രണ്ട് ഭീകരാക്രമണങ്ങളുണ്ടായി. എതിർപ്പുകളും വെല്ലുവിളികളും പലവിധത്തിൽ നിലനിൽക്കെയാണ് ശ്രീനഗറിലെ ജി 20 ടൂറിസം വർക്കിങ് കമ്മിറ്റി യോഗത്തിന് തിങ്കളാഴ്ച തുടക്കമാകുന്നത്.




ചൈനയും തുർക്കിയും പങ്കെടുക്കില്ലെന്ന് ഏതാണ്ട് ഉറപ്പായിട്ടുണ്ട്. പ്രത്യേക പദവി എടുത്ത് കളഞ്ഞതിനുശേഷം കശ്മീരിൽ നടക്കുന്ന ആദ്യത്തെ പ്രധാന രാജ്യാന്തര പരിപാടിയെ പൂർണ വിജയമാക്കാൻ സർക്കാരും സുരക്ഷാ ഏജൻസികളും അശ്രാന്ത പരിശ്രമത്തിലാണ്.

എന്നാൽ ചൈനയുടേയും പാക്കിസ്ഥാന്റെയും നടപടിയെ ഇന്ത്യ പുച്ഛിച്ചു തള്ളി.

ഏതാണ്ട് 300 കോടി രൂപയിലേറെ വികസന സൗന്ദര്യവൽക്കരണ പദ്ധതികൾ ശ്രീനഗറിൽ നടപ്പിലാക്കി.

അതിഥികളോട് ഇടപഴകാൻ 500 പൊലീസുകാർക്ക് പ്രത്യേക പരിശീലനം നൽകി.

വിവിധ സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള വാക്കത്തോണുകൾ, ബാരാമുള്ളയിലും ബന്ദിപ്പോറയിലും സംഘടിപ്പിച്ച കൂട്ടയോട്ടങ്ങൾ എന്നിവയോടെയാണ് ജി 20 യോഗത്തിന് തുടക്കമാകുന്നത്.



## 2000 രൂപ മാറാൻ പ്രത്യേക ഫോം ആവശ്യമില്ല; തിരിച്ചറിയിൽ രേഖയും നൽകേണ്ട: എസ്ബിഐ

**ന്യൂഡൽഹി:** 2000 രൂപയുടെ നോട്ടുമാറാൻ പ്രത്യേക ഫോം ആവശ്യമില്ലെന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ) അറിയിച്ചു. തിരിച്ചറിയിൽ രേഖയും നൽകേണ്ടതില്ല. മേയ് 23 മുതൽ നോട്ടുകൾ മാറ്റി വാങ്ങാം. 20,000 രൂപ വരെ മൂല്യമുള്ള രണ്ടായിരത്തിന്റെ നോട്ടുകൾ ഒരേ സമയം മാറ്റിയെടുക്കുകയോ നിക്ഷേപിക്കുകയോ ചെയ്യാം.

2000 രൂപയുടെ നോട്ടുകൾ മാറുന്നതിന് ആധാർ കാർഡ് പോലുള്ള തിരിച്ചറിയൽ രേഖകൾ സമർപ്പിക്കുന്നതിനൊപ്പം ഒരു ഫോം പൂരിപ്പിക്കേണ്ടതുണ്ടെന്ന് സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. ഇതിലാണു എസ്ബിഐയുടെ വിശദീകരണം. 2000 രൂപ നോട്ടുകൾ പ്രചാരത്തിൽ നിന്ന് പിൻവലിക്കുമെന്നും സെപ്റ്റംബർ 30നകം അവ മാറ്റാനോ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കാനോ കഴിയുമെന്നും റിസർവ് ബാങ്ക് (ആർബിഐ) വെള്ളിയാഴ്ച അറിയിച്ചിരുന്നു.

ആർബിഐയുടെ 19 പ്രാദേശിക ഓഫിസുകളിലും മറ്റു ബാങ്കുകളിലും മേയ് 23 മുതൽ 2000 രൂപ മാറ്റിവാങ്ങുകയോ നിക്ഷേപിക്കുകയോ ചെയ്യാം. നോട്ട് മാറ്റിവാങ്ങുന്നതിന് ബാങ്കിന്റെ ഉപഭോക്താവാകണമെന്നില്ല. ഏത് ബാങ്ക് ശാഖയിലും മാറ്റിവാങ്ങാം. നോട്ടുകൾ മാറ്റിവാങ്ങാൻ ഫീസൊന്നും നൽകേണ്ടതില്ലെന്നും ആർബിഐ വ്യക്തമാക്കിയിരുന്നു. നോട്ടുകൾ മാറ്റാനോ നിക്ഷേപിക്കാനോ ആഗ്രഹിക്കുന്ന മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കുമുള്ള ക്രമീകരണങ്ങൾ ചെയ്യാൻ ബാങ്കുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

www.ojuset.com
ഇനി മടുപ്പിക്കുന്ന തളർച്ചയില്ല...
സന്തോഷത്തിന്റെ തുടർച്ച മാത്രം
ഓജസെറ്റ് ക്യാപ്സൂൾ
ക്ഷീണത്തെ പൂർണ്ണമായും അകറ്റി നിർത്തൂ
ദിവസത്തിന്റെ തുടക്കം മുതൽ അവസാനം വരെ ഉയർന്ന എനർജി നിലനിർത്തൂ..
Free Doctor Consultation 759 383 4781
Available on Amazon | Customer Care No +91 7559964455
എല്ലാ ഇംഗ്ലീഷ് ആയുർവ്വേദ മെഡിക്കൽ ഷോപ്പുകളിലും തപാലിലും ലഭിക്കുന്നു





# പുന്നയൂർക്കുളം എസ് ആർ ഒ കുടിവെള്ള പദ്ധതി നാടിന് സമർപ്പിച്ചു

**പുന്നയൂർക്കുളം:** ഗ്രാമപഞ്ചായത്തിലെ പനന്തറ ഉരുളുമെൽ പ്രദേശത്തെ 120 ഓളം വരുന്ന ജനങ്ങളുടെ ദാഹമകറ്റുന്ന എസ് ആർ ഒ കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനം തുറമുഖ മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ ഓൺലൈനായി ഉദ്ഘാടനം ചെയ്തു .

പഞ്ചായത്തിൽ നടന്ന ചടങ്ങിൽ എൻ കെ അക്ബർ എം എൽ എ അധ്യക്ഷനായി. പഞ്ചായത്ത് പ്രസിഡൻറ് ജാസ്മിൻ ഷഹീർ , ജില്ല പഞ്ചായത്തംഗം അബ്ദുൾ റഹീം വീട്ടിപറമ്പിൽ , ബ്ലോക്ക് പഞ്ചായത്ത് വൈ.പ്രസിഡന്റ് മുഹമ്മദുണ്ണി മന്നലാംകുന്ന്, പഞ്ചായത്ത് സ്ഥിരം സമിതി ചെയർമാൻ മൂസ ആലത്തയിൽ പഞ്ചായത്ത് വൈ.പ്രസിഡന്റ് ഇ കെ നിഷാർ , ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷമാരായ ഫാത്തിമ ലീനസ്, പ്രേമ സിദ്ധാർത്ഥൻ, ബ്ലോക്ക് ഗ്രാമ പഞ്ചായത്തംഗങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

ബ്ലോക്ക് പഞ്ചായത്ത്, പഞ്ചായത്ത് ദേശീയ റർബ്ബൺ മിഷൻ എന്നീ ഫണ്ടുകളുപയോഗിച്ച് 50 ലക്ഷം രൂപ വിനിയോഗിച്ചാണ് എസ് ആർ ഒ (പനന്തറ ഉരുളുമ്മൽ ) കുടിവെള്ളപദ്ധതി പ്രാവർത്തികമാക്കിയത്. പഞ്ചായത്തിലെ 2018 19 സാമ്പത്തിക വർഷത്തെ പദ്ധതിയാണിത്.13, 14 വാർഡുകളിലെ കുടുംബങ്ങളുടെ നാലുവർഷത്തെ കാത്തിരിപ്പാണ് ഇവിടെ സഫലമാകുന്നത്. 2018 ൽ ആരംഭിച്ച കുടിവെള്ള പദ്ധതി പല സാങ്കേതിക കാരണങ്ങളാൽ നീണ്ടു പോകുകയായിരുന്നു.പഞ്ചായത്തിലെ മനുഷ്യസ്നേഹികളായ കയനയിൽ കുടുംബത്തിലെ ദിലീഫ് അലി, കമാൽ, ഫാറൂഖ് എന്നിവർ നൽകിയ അര സെൻറ് ഭൂമിയിലാണ് കുടിവെള്ളത്തിന് ആവശ്യമായ ടാങ്ക് നിർമ്മിച്ചത്. 25000 ലിറ്റർ ജലസംഭരണി ശേഷിയുള്ള ടാങ്ക് ഉരുളുമെൽ പ്രദേശത്താണ് നിർമ്മിച്ചിട്ടുള്ളത്.

എസ് ആർ ഒ പദ്ധതിയിലെ ഗുണഭോക്താക്കൾ ചേർന്ന് കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടി ഒരു കമ്മിറ്റി രൂപീകരിക്കുകയും മന്ദലാംകുന്ന് കിണർ പ്രദേശത്ത് 4 ലക്ഷം മുടക്കി 2 സെന്റ് സ്ഥലം വാങ്ങി പഞ്ചായത്തിന് കൈമാറുകയും ചെയ്തിരുന്നു. ഇവിടെയാണ് കുഴൽ കിണറും മോട്ടോർ പുരയും സ്ഥാപിച്ചിട്ടുള്ളത്. ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെയും പഞ്ചായത്തിന്റെയും നേതൃത്വത്തിലായിരുന്നു പ്രവർത്തനം . മൂന്ന് ഘട്ടങ്ങളായാണ് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്.

# സംസ്ഥാനത്ത് വേനൽമഴ 23% കുറവ്

**ആലപ്പുഴ :** വേനൽക്കാലം അവസാനിക്കാൻ രണ്ടാഴ്ചയിൽ താഴെ മാത്രമുള്ളപ്പോൾ സംസ്ഥാനത്ത് ഇതുവരെ വേനൽമഴയിൽ 23% കുറവുണ്ടായതായി കാലാവസ്ഥാ കേന്ദ്രം . 256.4 മില്ലീമീറ്റർ മഴ പെയ്യേണ്ടിയിരുന്നിടത്ത് 196.3 മില്ലീമീറ്റർ മഴയാണു പെയ്തത്. കോട്ടയം, ഇടുക്കി ജില്ലകളിൽ മാത്രമാണു പതിവിലും കൂടുതൽ മഴ ലഭിച്ചത്. െ തക്കൻ ജില്ലകളിൽ മഴയുടെ അളവിൽ 25 ശതമാനത്തിൽ താഴെ മാത്രം കുറവാണ് ഉണ്ടായതെങ്കിൽ വടക്കൻ കേരളത്തിൽ വലിയ തോതിൽ മഴ കുറഞ്ഞു.

കോഴിക്കോട് (78%), കണ്ണൂർ (70%), കാസർകോട് (68%) ജില്ലകളിലാണു മഴയുടെ അളവിൽ ഏറ്റവും വലിയ വ്യത്യാസമുണ്ടായത്. അതേസമയം 1901 മുതൽ 2023 വരെയുള്ള കാലയളവിൽ ദക്ഷിണേന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിച്ച ഏഴാമത്തെ മാർച്ച് മാസമായിരുന്നു ഇത്തവണത്തേത്. ഏപ്രിലിൽ 45% മഴ കുറവാണു ലഭിച്ചത്. മാഹിയിൽ 93 ശതമാനമാണു മഴ കുറഞ്ഞത്. 168.4 മില്ലീമീറ്റർ മഴയുടെ സ്ഥാനത്തു 11.8 മില്ലീമീറ്റർ മഴ മാത്രമാണു ലഭിച്ചത്. ലക്ഷദ്വീപിൽ 103.8 മില്ലീമീറ്റർ മഴ ലഭിക്കേണ്ട സ്ഥാനത്ത് 65.4 മില്ലീമീറ്റർ മാത്രമാണു ലഭിച്ചത്. 7% മഴ കുറഞ്ഞു.

# കുടുംബശ്രീ സമാനതകളില്ലാത്ത സ്ത്രീശാക്തീകരണത്തിന്റെ ഉദാഹരണം: ബിന്ദു

**പൂമംഗലം:** ലോകത്തിന് മുൻപിൽ ഉയർത്തിപ്പിടിക്കുന്ന ഏറ്റവും തിളങ്ങുന്ന സമാനതകളില്ലാത്ത സ്ത്രീശാക്തീകരണത്തിന്റെ ഉദാഹരണമാണ് കുടുംബശ്രീയെന്നും ഇത്രയും സ്ത്രീകൾ ഒന്നിച്ചണിനിരക്കുന്ന ഒരു പ്രസ്ഥാനം ലോകത്തില്ലെന്നും ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ആർ ബിന്ദു. പൂമംഗലം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ രജത ജൂബിലി വാർഷികാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

സ്ത്രീകളുടെ സർഗാത്മകരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് നിരവധി സർഗ്ഗവേദികൾ കുടുംബശ്രീ തുറന്നു വയ്ക്കുന്നുണ്ട്. അടുക്കളയിലെ നാല് ചുവരുകൾക്കപ്പുറം സാമൂഹ്യപ്രവർത്തനത്തിന്റെയും തൊഴിലിന്റെയും പൊതുവായ ഇടപെടലിന്റെയും മേഖലകളിലേക്ക് കടന്നുവരുന്നതിന് കുടുംബശ്രീ വഴിയൊരുക്കി. സ്ത്രീകളുടെ അവകാശങ്ങൾ ലഭിക്കാനും അംഗീകാരം ഉണ്ടാക്കാനും കുടുംബശ്രീയിലൂടെ സാധിച്ചു. ദാരിദ്ര്യ ലഘൂകരണത്തിനു വേണ്ടിയാണ് കുടുംബശ്രീ നിലകൊള്ളുന്നത്. കുടുംബശ്രീ നാടിന്റെ വികസനത്തിന് വലിയ രീതിയിൽ സംഭാവന ചെയ്യുന്നവരാണ് എന്ന് മന്ത്രി പറഞ്ഞു.

25 വർഷക്കാലത്തെ അർത്ഥപൂർണ്ണമായ ജൈത്ര യാത്രയുടെ ഭാഗമായി കുടുംബശ്രീ വലിയൊരു വിപ്ലവം തന്നെയാണ് സമൂഹത്തിൽ സൃഷ്ടിച്ചിട്ടുള്ളത്. സ്ത്രീകളുടെ സാമൂഹ്യമായ ദൃശ്യതയും സാന്നിധ്യവും ആത്മബോധവും ആത്മവിശ്വാസവും വലിയ രീതിയിൽ കുടുംബശ്രീ വർദ്ധിപ്പിച്ചു. ഉൽപാദനപരമായ തൊഴിൽ സംരംഭങ്ങളിലേക്ക് സ്ത്രീകളെ കൈപിടിച്ച് കൊണ്ടുപോകാനും കുടുംബശ്രീയിലൂടെ സാധിച്ചു. സാമ്പത്തിക സ്വയം പര്യാപ്തത എന്നത് സ്ത്രീപുരുഷ തുല്യതയുടെ ഏറ്റവും പ്രധാനപ്പെട്ട മുന്നുപാധിയാണ്. കുടുംബശ്രീയിലൂടെ ഒരുപാട് കുടുംബങ്ങൾക്ക് അത്താണിയാവും വിധം സാമ്പത്തിക സ്വയംപര്യാപ്ത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഉദ്ഘാടനത്തോടനുബന്ധിച്ച് സി ഡി എസ് പ്രവർത്തകർ മെഗാതിരുവാതിര അവതരിപ്പിച്ചു. ചടങ്ങിൽ പൂമംഗലം കുടുംബാംഗ്യ കേന്ദ്രത്തിന് ദേശീയ ഗുണനിലവാര അംഗീകാരം നേടിയെടുത്ത മെഡിക്കൽ ഓഫീസർ ഡോ. ദേവിയെയും ടീം അംഗങ്ങളെയും മന്ത്രി ആദരിച്ചു. ക്ഷയരോഗ നിയന്ത്രണ പരിപാടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കൊടുങ്ങല്ലൂർ ടിബി യൂണിറ്റിലെ ചാന്ദിനി സുദർശനെയും പഞ്ചായത്തിലെ മികച്ച സംരംഭക സരിത വിനോദ് കുമാറിനെയും പൂമംഗലം ശാന്തിതീരം ക്രിമറ്റോറിയം ഓപ്പറേറ്റർ ബിന്ദു ശിവദാസനെയും മന്ത്രി ചടങ്ങിൽ ആദരിച്ചു.

പൂമംഗലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ എസ് തമ്പി അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലതാ ചന്ദ്രൻ, പൂമംഗലം സി ഡി എസ് ചെയർപേഴ്സൺ അഞ്ജു രാജേഷ്, പൂമംഗലം വൈസ് പ്രസിഡന്റ് കവിത സുരേഷ്, ബ്ലോക്ക് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സുരേഷ് അമ്മനത്ത്, പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്മാരായ ഹൃദ്യ അജീഷ്, സന്തോഷ് ടി എ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ജയരാജ് കെ എൻ, ലതാ വിജയൻ, ജൂലി ജോയ്, സുനിൽ കുമാർ പട്ടിലപ്പുറം, പി ഗോപിനാഥ്, പി വി ഷാബു, സി ഡി എസ് വൈസ് ചെയർപേഴ്സൺ സിനി സാജു തുടങ്ങിയവർ പങ്കെടുത്തു.



# കല്ലാറിലെ സവാരിക്ക് ഇനി പുതിയ കുട്ടവഞ്ചി

**തണ്ണിത്തോട് :** സഞ്ചാരികൾക്ക് ഇനി പുതിയ കുട്ടവഞ്ചിയിൽ സവാരി നടത്താം. ടാർ തേച്ച് ബലവത്താക്കിയ പുതിയ കുട്ടവഞ്ചികൾ നീറ്റിലിറക്കി സവാരി തുടങ്ങി.ഒരു വർഷത്തോളമായ കുട്ടവഞ്ചികളാണ് ഇവിടെയുണ്ടായിരുന്നത്. പഴക്കം കാരണം ഇവയിൽ കുറെ എണ്ണം നാശാവസ്ഥയിലായിരുന്നു. തിരക്കേറുമ്പോൾ കുട്ടവഞ്ചികളുടെ കുറവ് ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു.

ഹൊഗെനക്കൽനിന്ന് 27 കുട്ടവഞ്ചികളാണ് കഴിഞ്ഞ ഞായറാഴ്ച എത്തിച്ചത്. അടുത്ത ദിവസം തന്നെ കുട്ടവഞ്ചിയുടെ പുറംഭാഗത്ത് ടാർ പൂശി ബലപ്പെടുത്തുന്ന ജോലികൾ ആരംഭിച്ചിരുന്നു. ടാർ ഉണങ്ങിയതോടെ പുതിയ കുട്ടവ!ഞ്ചികൾ സവാരിക്ക് ഇറക്കി.അവധിക്കാലം കഴിയാറായതോടെ കുട്ടവഞ്ചി സവാരിക്ക് എത്തുന്ന സഞ്ചാരികളുടെ തിരക്കേറി. മിക്ക ദിവസങ്ങളിലും ഉച്ചയ്ക്ക് ശേഷം മഴയുണ്ടെങ്കിലും മഴയിലും സവാരി നടത്താൻ സഞ്ചാരികൾ ഒരുക്കമാണ്.

തീരങ്ങളിൽ പൂത്തുലഞ്ഞ മരുതിപ്പൂക്കളുടെ മനോഹാരിതയിൽ, മഴയുടെ കുളിരിൽ കല്ലാറ്റിലെ കുട്ടവഞ്ചി സവാരി സഞ്ചാരികൾ ആവോളം ആസ്വദിക്കുകയാണ്.സഞ്ചാരികൾ കുട്ടവഞ്ചി സവാരി നടത്തുമ്പോൾ ലൈഫ് ജാക്കറ്റ് ധരിക്കണമെന്നത് നിർബന്ധമാണ്. സഞ്ചാരികളുടെ സുരക്ഷയ്ക്കായി ഓരോ കുട്ടവഞ്ചിയിലും ലൈഫ് ബോയി സൂക്ഷിക്കുന്നതും കർശനമാക്കി.

# അമൃത് ഭാരത് പദ്ധതി: മാവേലിക്കര റെയിൽവേ സ്റ്റേഷനിൽ 4 കോടിയുടെ വികസന പ്രവർത്തനങ്ങൾ

**മാവേലിക്കര:** അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടത്തിൽ മാവേലിക്കര റെയിൽവേ സ്റ്റേഷനിൽ 4 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കും. തിരുവനന്തപുരം റെയിൽവേ ഡിവിഷനൽ മാനേജർ സച്ചിന്ദർ മോഹൻ ശർമയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ സംഘം മാവേലിക്കര സ്റ്റേഷൻ സന്ദർശിച്ചു. പദ്ധതികൾ നടപ്പിലാക്കുന്ന സ്ഥലവും രൂപമാറ്റം വരുത്തുന്ന കെട്ടിടവും പരിശോധിച്ചു. സ്റ്റേഷൻ പരിസരത്തു നിലവിലുള്ള പഴയ കെട്ടിടം തനതു കേരളീയ ശൈലിയിൽ നവീകരിക്കും. നവീകരിക്കുന്ന കെട്ടിടത്തിൽ യാത്രക്കാർക്കായി പ്രത്യേക ഇരിപ്പിടം, ശുചിമുറികൾ തുടങ്ങിയവ ക്രമീകരിക്കും. വരുമാനത്തിന് അനുസരിച്ചു റെയിൽവേയുടെ അഞ്ചാം ഗ്രേഡിലുള്ള മാവേലിക്കര റെയിൽവേ സ്റ്റേഷനിലേക്കു റെയിൽവേ ബോർഡ് 4 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണു അമൃത് ഭാരത് പദ്ധതിയിലെ ഗതിശക്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കഴിഞ്ഞ സാമ്പത്തിക വർഷം 3.19 കോടി രൂപ മാത്രമാണു മാവേലിക്കര സ്റ്റേഷനിൽ നിന്നുള്ള വരുമാനം. കോവിഡിനു മുൻപ് ഇത് 6 കോടിയായിരുന്നു. പ്രധാനമായും ഉപയോഗിക്കുന്ന 2 പ്ലാറ്റ്ഫോമുകളുടെ നിലവിലുള്ള മേൽക്കൂര ദീർഘിപ്പിക്കും. ഹൈടെക് മോഡൽ സ്റ്റേഷൻ കെട്ടിടം നിർമാണം, കാത്തിരിപ്പ് കേന്ദ്രം, വിഐപി ലോഞ്ച്, ശുചിമുറി സൗകര്യം എന്നിവ അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുക്കും. സ്റ്റേഷനിലെ പാർക്കിങ് സൗകര്യം വർധിപ്പിക്കുന്നതിനും സ്റ്റേഷനിലേക്കുള്ള റോഡ് വികസിപ്പിക്കുന്നതിനും കൂടുതൽ ലൈറ്റുകൾ സ്ഥാപിക്കാനും പദ്ധതിയുണ്ട്. തിരുവനന്തപുരം റെയിൽവേ എൻജിനീയറിങ് വിഭാഗം തയാറാക്കിയ രൂപരേഖയും എസ്റ്റിമേറ്റും പ്ലാനും സഹിതമാണു റെയിൽവേ ഉദ്യോഗസ്ഥ സംഘം എത്തിയത്. 2023, 24 വർഷത്തെ പദ്ധതിയിൽ റെയിൽവേ സ്റ്റേഷനിലേക്കു ലിഫ്റ്റ് അനുവദിച്ചിട്ടുണ്ട്. ഇതിനായി മണ്ണു പരിശോധന ഉടൻ നടത്തും.



നിലവിലെ ഫുട് ഓവർ ബ്രിഡ്ജിനു പകരം പുതിയതു നിർമിക്കുന്നതു രണ്ടാം ഘട്ടത്തിൽ പരിഗണിക്കാമെന്നു കൊടിക്കുന്നിൽ സുരേഷ് എംപിക്കും ഡിആർഎം ഉറപ്പ് നൽകി. സ്റ്റേഷന്റെ കിഴക്കുവശത്തു എഫ്സിഐക്കു സമാന്തരമായി കടന്നു പോകുന്ന റോഡിന്റെ നവീകരണത്തിനായി റെയിൽവേയുടെ പ്രത്യേക ആപ് വഴിയായി അപേക്ഷ സമർപ്പിക്കാൻ ഡിആർഎം നിർദേശിച്ചു. കൊടിക്കുന്നിൽ സുരേഷ് എംപി, നഗരസഭ അധ്യക്ഷ കെ.വി.ശ്രീകുമാർ, ഉപാധ്യക്ഷ ലളിത രവീന്ദ്രനാഥ്, സ്ഥിരം സമിതി അധ്യക്ഷരായ അനി വർഗീസ്, ശാന്തി അജയൻ, സജീവ് പ്രായിക്കര, കൗൺസിലർമാരായ കെ.ഗോപൻ, നൈനാൻ സി.കുറ്റിശേരിൽ, സീനിയർ ഡിവിഷനൽ എൻജിനീയർ കോഓർഡിനേഷൻ ആർ.അരുൺ, ഗതിശക്തി ഡപ്യൂട്ടി ചീഫ് എൻജിനീയർ എം.ശരവണ കുമാർ, അഡീഷനൽ ഡിവിഷനൽ എൻജിനീയർ മീർ ആത്തിഫ്, സ്റ്റേഷൻ സൂപ്രണ്ട് ഷീബ മധു എന്നിവരും ഒപ്പമുണ്ടായിരുന്നു.

മാവേലിക്കര ന്മ റെയിൽവേ സ്റ്റേഷനിൽ നിർത്താതെ പോകുന്ന ട്രെയിനുകളെക്കുറിച്ചു പരാതിയുമായി പ്ലസ്ടു അധ്യാപിക. കൊടിക്കുന്നിൽ സുരേഷ് എംപിയും സച്ചിന്ദർ മോഹൻ ശർമയും മാവേലിക്കര റെയിൽവേ സ്റ്റേഷനിൽ സന്ദർശനത്തിന് എത്തിയപ്പോഴാണു ഹരിപ്പാട് ഗവ.ബോയ്സ് എച്ച്എസ്എസിലെ അധ്യാപിക കുന്നം ശ്രുതിയിൽ വാണി ചന്ദ്രൻ പരാതി ഉന്നയിച്ചത്. രാത്രി കടന്നു പോകുന്ന പല ട്രെയിനുകളും മാവേലിക്കരയിൽ നിർത്താത്തതിനാൽ പലപ്പോഴും ചെങ്ങന്നൂരിലോ കായംകുളത്തോ ഇറങ്ങി വീട്ടിലേക്കു കിലോമീറ്ററുകൾ സഞ്ചരിച്ചു പോകേണ്ട സാഹചര്യമാണ്. ഇന്നലെ ഉച്ചയ്ക്കു കേരള എക്സ്പ്രസിൽ മാവേലിക്കരയിൽ വന്നിറങ്ങി വീട്ടിലേക്കു പോകവെയാണു ഉദ്യോഗസ്ഥരെ കണ്ടു ട്രെയിനുകൾക്കു സ്റ്റോപ്പ് അനുവദിക്കണമെന്നു വാണി ചന്ദ്രൻ ആവശ്യപ്പെട്ടത്. 18 ട്രെയിനുകളാണു നിലവിൽ മാവേലിക്കരയിൽ സ്റ്റോപ്പ് ഇല്ലാതെ കൂകിപ്പായുന്നത്. ഉദ്യോഗസ്ഥർ സന്ദർശനം നടത്തുന്ന സമയത്തും കൊച്ചുവേളി, യശ്വന്ത്പൂർ ട്രെയിൻ മാവേലിക്കരയിൽ നിർത്താതെ ചൂളം വിളിച്ചു കടന്നു പോയിരുന്നു.

മാവേലിക്കര ന്മ റെയിൽവേ സ്റ്റേഷനിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ശബരിമല തീർഥാടകർക്കും മറ്റും ഗുണകരമാകുന്ന വിധം വിശ്രമകേന്ദ്രം ഉൾപ്പെടുന്ന തീർഥാടന ടൂറിസം പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടു നഗരസഭ അധ്യക്ഷൻ കെ.വി.ശ്രീകുമാർ സച്ചിന്ദർ മോഹൻ ശർമക്കു നിവേദനം നൽകി. ദേശീയപാത, എംസി റോഡ് ഉൾപ്പെടെയുള്ള പ്രധാന റോഡുകളിൽ നിന്നു വേറിട്ടു നിൽക്കുന്ന മാവേലിക്കരയിലെ നിവാസികൾക്കു ഗുണകരമാകും വിധം എല്ലാ ട്രെയിനുകൾക്കും സ്റ്റോപ് അനുവദിക്കണം. സ്റ്റേഷന്റെ കിഴക്ക് ഭാഗത്തുള്ള സമാന്തര റോഡ് സഞ്ചാരയോഗ്യമാക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടു.

# കുന്നംകുളം സിന്തറ്റിക് ട്രാക്കും ഗാലറിയും ഉദ്ഘാടനം ചെയ്തു

**കുന്നംകുളം :** ജില്ലയിലെ ആദ്യത്തെ സിന്തറ്റിക് ട്രാക്കും ഗാലറിയും ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ സീനിയർ ഗ്രൗണ്ടിൽ മന്ത്രി വി.അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ കായിക ഭൂപടത്തിൽ പ്രധാന കേന്ദ്രമായി കുന്നംകുളം സ്പോർട്സ് ഡിവിഷൻ മാറുമെന്ന് മന്ത്രി പറഞ്ഞു. സിന്തറ്റിക് ട്രാക്കിൽ ഫ്ലഡ് ലിറ്റ് സംവിധാനം 6 മാസത്തിനകം സ്ഥാപിക്കും. സമീപത്ത് നീന്തൽ കുളത്തിന്റെ പണി ഉടൻ തുടങ്ങും.

രാജ്യാന്തരമത്സരങ്ങളിൽ കുട്ടികൾക്ക് മത്സരിക്കാൻ സർക്കാർ പ്രത്യേക പരിശീലനം നൽകും. ഇതിനായി കോച്ചുമാർക്കും വിദഗ്ധ പരിശീലനം നൽകും. ഈ അധ്യയനവർഷം പ്രൈമറി തലം മുതൽ കായികം വിഷയമാക്കി പഠിപ്പിക്കാനുള്ള നടപടി പൂർത്തീകരിച്ച് വരികയാണെന്നും മന്ത്രി പറഞ്ഞു. കായിക വിദ്യാർഥികൾക്കുള്ള ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമാണവും മന്ത്രി ഉദ്ഘാടനം ചെയ്തു.




എ.സി. മൊയ്തീൻ എംഎൽഎ അധ്യക്ഷനായി. മുൻ ഇന്ത്യൻ ഫുട്ബോൾ ക്യാപ്റ്റൻ ജോപോൾ അഞ്ചേരി, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ.ആർ. സാംബശിവൻ, നഗരസഭാധ്യക്ഷ സീത രവീന്ദ്രൻ, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആൻസി വില്യംസ്, വാർഡ് കൗൺസിലർ ബിജു സി. ബേബി, ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ പ്രധാനാധ്യാപകൻ എം.കെ. സോമൻ എന്നിവർ പ്രസംഗിച്ചു. ഒരു സിന്തറ്റിക് ട്രാക്ക് ഇല്ലെന്ന തൃശൂർ ജില്ലയുടെ ബുദ്ധിമുട്ട് ഇതോടെ മാറുകയാണ്.! കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ പദ്ധതിയിൽ 7 കോടി രൂപ ചെലവഴിച്ചാണ് നിർമാണം. ഗവ. വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിന്റെ ഉടമസ്ഥതയിലുള്ള സീനിയർ ഗ്രൗണ്ടിൽ 400 മീറ്റർ നീളത്തിലുള്ള 8 ട്രാക്കുകളാണ് സ്ഥാപിച്ചത്. പ്രകൃതിദത്ത പുൽ മൈതാനത്തിന് ചുറ്റുമാണ് നിർമാണം.ഹൈജംപ്, ലോങ് ജംപ്, ഹാമർത്രോ, ഡിസ്കസ് ത്രോ ഇനങ്ങൾക്കുമുള്ള സൗകര്യവും ഇവിടെയുണ്ട്. ട്രാക്കിനു ചുറ്റും സുരക്ഷാവേലി, ശുചിമുറികൾ എന്നിവയും ഒരുക്കി. ഹൈദരാബാദ് ആസ്ഥാനമായ ഗ്രേറ്റ് സ്പോർട്സ് എന്ന സ്ഥാപനമാണ് പ്രവൃത്തി നിർവഹിച്ചത്.സ്പോർട്സ് കേരള ഫൗണ്ടേഷനാണ് മൈതാനത്തിന്റെ അറ്റകുറ്റപ്പണിക്കും മേൽനോട്ടത്തിനും ചുമതല. രാത്രിയും മത്സരം നടത്തുന്നതിന് വലിയ വിളക്കുകൾ സ്ഥാപിക്കുന്നത് അടക്കമുള്ള വികസന പദ്ധതികൾ ഉടൻ നടപ്പിലാക്കാൻ ഒരുങ്ങുകയാണ് കായിക വകുപ്പ്. പരിപാലനത്തിന് വേണ്ടി വരുന്ന പണം കണ്ടെത്തുന്നതാണ് ഭാവിയിലെ പ്രധാന വെല്ലുവിളി.

## പട്ടികജാതി വികസന വകുപ്പിൽ പ്രൊമോട്ടർ

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ബ്ലോക്ക്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ, പ്രൊമോട്ടറായി നിയമിക്കപ്പെടുന്നതിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പ്ലസ്ടു/തത്തുല്യവും പ്രായപരിധി 1830 വയസുമാണ്. ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷനുകളിലേക്ക് നിയമിക്കുന്നതിനായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുള്ളവരാണ് അപേക്ഷിക്കേണ്ടത്. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ യോഗ്യരായ അപേക്ഷകർ ഇല്ലെങ്കിൽ സമീപത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഉള്ളവരെ പരിഗണിക്കുന്നതാണ്. സ്ഥിരനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർ നൽകണം. അവസാന തീയതി ജൂൺ 5 വൈകീട്ട് 5 മണി.

# ഇന്റർനാഷനൽ ബയോ കണക്റ്റ് ഇൻഡസ്ട്രിയൽ കോൺക്ലേവ് മെയ് 25 മുതൽ

**തിരുവനന്തപുരം:** സംസ്ഥാനത്തെ ലൈഫ് സയൻസ് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷൻ (കെഎസ്ഐഡിസി) ബയോ കണക്റ്റ് കേരള 2023 എന്ന പേരിൽ സംഘടിപ്പിക്കുന്ന ഇന്റർനാഷനൽ ഇൻഡസ്ട്രിയൽ കോൺക്ലേവ് മെയ് 25, 26 തീയതികളിൽ തിരുവനന്തപുരത്ത് നടക്കും. കോവളം ലീല ഹോട്ടലിൽ നടക്കുന്ന കോൺക്ലേവ് 25ന് രാവിലെ 10ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. വ്യവസായ രംഗത്തെ പ്രമുഖർ, സംരംഭകർ, അഡ്മിനിസ്ട്രേറ്റർമാർ, ഗവേഷകർ, യുവ പ്രൊഫഷണലുകൾ എന്നിവർക്ക് സംവദിക്കാനുള്ള വേദിയാണ് കോൺക്ലേവിലൊരുങ്ങുന്നത്.

കേരളം വ്യവസായ സൗഹൃദ സംസ്ഥാനമെന്ന നിലയിൽ, ഭാവി പരിപാടികൾക്കു കൂടി ഉതകും വിധം വ്യവസായങ്ങൾക്ക് ആവശ്യമായ നൈപുണ്യ വികസനം, ഡിസ്റപ്റ്റീവ് ടെക്നോളജി സെഷനുകൾ, വ്യവസായ അക്കാദമിക സഹകരണങ്ങൾ എന്നിവ കോൺക്ലേവിൽ ചർച്ച ചെയ്യപ്പെടും. വ്യവസായ രംഗത്തെ പുതിയ മാറ്റങ്ങൾ മനസിലാക്കുന്നതിനുള്ള മികച്ച ഒരവസരമാണിത്. ലൈഫ് സയൻസ് പാർക്കിനെ മുൻനിർത്തി വ്യവസായികളിൽ നിന്നും റിസർച്ച് ആൻഡ് ഡവലപ്മെന്റിനും ഉത്പാദന മേഖലയിൽ സ്വകാര്യ നിക്ഷേപം ആർജിക്കാനും പദ്ധതിയുണ്ട്.

കേരളത്തിലേക്ക് മികച്ച നിക്ഷേപകരെ ആകർഷിക്കുക, പങ്കാളിത്ത അവസരങ്ങൾ സൃഷ്ടിക്കുന്നതിന് വ്യവസായ ബന്ധം വർധിപ്പിക്കുക, കേരള വ്യവസായിക നയത്തിന് കീഴിലുള്ള ഇൻസെന്റീവുകൾ പ്രയോജനപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ, സംരംഭങ്ങൾ എന്നിവ പ്രദർശിപ്പിക്കുക, വ്യവസായ അക്കാദമിക് ഇന്റർഫേസ് സൃഷ്ടിക്കുക, ഉൽപ്പന്ന വികസനത്തിനും സ്കെയിൽ അപ്പിനുമുള്ള നിക്ഷേപ അവസരങ്ങൾ, വ്യവസായം/അക്കാദമിക നെറ്റ്വർക്കിങ് വളർത്തുക എന്നിവയും കോൺക്ലേവിന്റെ ലക്ഷ്യങ്ങളാണ്.

എക്സ്പോ (സ്റ്റാർട്ടപ്പുകളുടെ ഉൽപന്നങ്ങളുടെയും ആശയങ്ങളുടെയും പ്രദർശനം), ക്ലാസുകൾ, പാനൽ ചർച്ച, വിവിധ സെഷനുകൾ, സ്റ്റാർട്ട് അപ്പുകളുടെ പിച്ചിങ്, നയരൂപീകരണ വിദഗ്ധരുമായി സംഗമം, ബിസിനസ് പ്രൊപ്പോസലുകളെക്കുറിച്ച് ലൈഫ് സയൻസ് മേഖലയിലെ വിദഗ്ധരുമായി സംവദിക്കാനുള്ള അവസരം എന്നിവ കോൺക്ലേവിൽ ലഭിക്കും.

ലൈഫ് സയൻസ് ആൻഡ് ബയോ ടെക്നോളജി രംഗത്തെ ഇന്ത്യയിലെ പ്രമുഖർ കോൺക്ലേവിൽ സംസാരിക്കും. ബയോ ടെക്നോളജി, ലൈഫ് സയൻസ്, മെഡിക്കൽ ഡിവൈസസ്, റിസർച്ച് ആൻഡ് ഡവലപ്മെന്റ് സ്ഥാപനങ്ങൾ, സ്റ്റാർട്ട് അപ്പുകൾ, വ്യവസായികൾ എന്നിവരുടേതുൾപ്പെടെ 45 സ്റ്റാളുകളാണ് കോൺക്ലേവിൽ ഒരുക്കുന്നത്.

ബയോ ടെക്നോളജി, ലൈഫ് സയൻസ് രംഗത്തെ മുൻനിര കമ്പനികൾ, വിദഗ്ധർ, വിദ്യാർഥികൾ, ഗവേഷകർ, റിസർച്ച് ആൻഡ് ഡവലപ്മെന്റ് സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവർ ഉൾപ്പടെ 300 ഡെലിഗേറ്റുകൾ കോൺക്ലേവിൽ പങ്കെടുക്കും.

## പി. എം. കിസ്സാൻ പദ്ധതി; ഗുണഭോക്താക്കൾ നടപടി പൂർത്തിയാക്കണം

**കോട്ടയം:** പി.എം. കിസാൻ പദ്ധതിയുടെ ഗുണഭോക്താക്കൾ ആനുകൂല്യം തുടർന്നും ലഭിക്കുന്നതിന് മേയ് 31 നകം ഇതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിക്കണം. ഗുണഭോക്താക്കൾ അവരുടെ ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കണം. അടുത്തുള്ള പോസ്റ്റ് ഓഫീസിലെ ഇന്ത്യൻ പോസ്റ്റൽ പേയ്മെന്റ് ബാങ്ക് മുഖേന ആധാർ ലിങ്ക് ചെയ്ത അക്കൗണ്ടുകൾ ആരംഭിക്കാം. കർഷകർക്ക് ആധാർ കാർഡും മൊബൈൽ ഫോണുമായി അടുത്തുള്ള പോസ്റ്റ് ഓഫീസിൽ മേയ് 25,26,27 ദിവസങ്ങളിലെ ഇതിനായുള്ള പ്രത്യേക ക്യാമ്പയിനിൽ പങ്കെടുക്കാം.

എല്ലാ പി.എം കിസാൻ ഗുണഭോക്താക്കളും പദ്ധതി ആനുകൂല്യം തടസ്സമില്ലാതെ ലഭിക്കുന്നതിന് കെ.വൈ.സി പൂർത്തിയാക്കണം. ആധാർ കാർഡും മൊബൈൽ ഫോണുമുപയോഗിച്ച് പി.എം. കിസാൻ പോർട്ടൽ വഴിയോ, അക്ഷയ, മറ്റ് തുടങ്ങിയ ജനസേവന കേന്ദ്രങ്ങൾ വഴിയോ കെ.വൈ.സിചെയ്യുന്നതിനായി കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള ആൻഡ്രോയിഡ് ആപ്ലിക്കേഷനിലൂടെയോ ചെയ്യണം.

മേയ് 22 മുതൽ മേയ് 27 വരെ അക്ഷയ കേന്ദ്രങ്ങളിൽ ഇതിനായി പ്രത്യേക ക്യാമ്പയിൻ നടക്കും.

റവന്യൂ വകുപ്പിന്റെ റിലിസ് പോർട്ടലിലുള്ള പി.എം കിസ്സാൻ ഗുണഭോക്താക്കൾ അവരവരുടെ സ്വന്തം കൃഷി ഭൂമിയുടെ വിവരങ്ങൾ സമർപ്പിക്കണം. കൃഷി വകുപ്പിന്റെ എയിംസ് പോർട്ടലിൽ സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ നേരിട്ടോ അക്ഷയ/പൊതുസേവന കേന്ദ്രങ്ങൾ വഴിയോ ചേർക്കണം.



# ഉപരാഷ്ട്രപതിക്ക് വരവേൽപ്പ്

**തിരുവനന്തപുരം:** ദ്വിദിന സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗദീപ് ധൻകറിന് തിരുവനന്തപുരത്ത് ഹൃദ്യമായ വരവേൽപ്പ്. പത്നി സുദേഷ് ധൻകറിനൊപ്പം വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയ ഉപരാഷ്ട്രപതിയെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, ഗതാഗത മന്ത്രി ആന്റണി രാജു എന്നിവർ ചേർന്ന് സ്വീകരിച്ചു. മേയർ ആര്യ രാജേന്ദ്രൻ, ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയ്, ഡി.ജി.പി. അനിൽ കാന്ത്, അഡിഷണൽ ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

തുടർന്ന് ഗാർഡ് ഓഫ് ഓണർ സ്വീകരിച്ച അദ്ദേഹം ഭാര്യസമേതം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ ദർശനം നടത്തിയശേഷം രാജ്ഭവനിലേക്ക് പോയി.

ഇന്ന് (22) രാവിലെ 10:30ന് നിയമസഭ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നിയമസഭാമന്ദിരത്തിന്റെ രജത ജൂബിലി ആഘോഷങ്ങൾ ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

ഉച്ചയ്ക്ക് 12 ന് അദ്ദേഹം കണ്ണൂരിലേക്ക് പോകും. ഏഴിമല നാവിക അക്കാദമിയും സന്ദർശിച്ച ശേഷം വൈകിട്ട് 6.20ന് അദ്ദേഹം ഡൽഹിക്ക് മടങ്ങും.

# രണ്ട് വർഷം കൊണ്ട് നൽകിയത് 3030 കോടിയുടെ സൗജന്യ ചികിത്സയെന്ന്

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിവഴി കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 12,22,241 ഗുണഭോക്താക്കൾക്ക് 3030 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 28,75,455 ക്ലൈമുകളിലൂടെയാണ് ഇത്രയും പേർക്ക് സൗജന്യ ചികിത്സ നൽകാനായത്. സംസ്ഥാന ഹെൽത്ത് ഏജൻസി വഴി നടത്തിയ മികച്ച പ്രവർത്തനങ്ങളിലൂടെയാണ് ഇത്രയും പേർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയത്. ഇന്ത്യയിൽ ഏറ്റവുമധികം സൗജന്യ ചികിത്സ നൽകിയതിന് 2022ലെ ആരോഗ്യ ഉത്കൃഷ്ട പുരസ്കാരം കേരളം കരസ്ഥമാക്കിയിരുന്നു. ഇന്ത്യയിൽ ആകെ നൽകിയ ചികിത്സയുടെ ഏതാണ്ട് 15 ശതമാനത്തോളം കേരളത്തിൽ നിന്നാണ്. കേരളത്തിൽ മണിക്കൂറിൽ 180 ഓളം രോഗികൾക്ക് സൗജന്യ ചികിത്സ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തരം നൽകി വരുന്നു.

## ത്രിദിന അന്താരാഷ്ട്ര ലേബർ കോൺക്ലേവ് 24ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** കേരളവും അന്താരാഷ്ട്ര തൊഴിൽ സംഘടനയുമായുള്ള പ്രവർത്തനങ്ങളുടെ ശതാബ്ദി നിറവിൽ പ്ലാനിങ് ബോർഡുമായി ചേർന്ന് തൊഴിൽവകുപ്പ് സംഘടിപ്പിക്കുന്ന ത്രിദിന അന്താരാഷ്ട്ര ലേബർ കോൺക്ലേവ് മെയ് 24ന് വൈകിട്ടു ആറിന് തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കേരളത്തിന്റെ തൊഴിൽരംഗത്ത് പുതിയ നയങ്ങൾക്കും മാറ്റങ്ങൾക്കുമുള്ള നാഴികക്കല്ലായി കോൺക്ലേവ് മാറുമെന്ന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി വി ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

തെലങ്കാന തൊഴിൽ മന്ത്രി ചാമകുറ മല്ലറെഡ്ഡി, ബീഹാർ തൊഴിൽ മന്ത്രി സുരേന്ദ്ര റാം, പുതുച്ചേരി തൊഴിൽ മന്ത്രി എസ് ചന്ദ്ര പ്രിയങ്ക, അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ ഇന്ത്യാ ഹെഡ് സതോഷി സസാക്കി എന്നിവർ ചടങ്ങിൽ പങ്കെടുക്കും. രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിലാളി തൊഴിലുടമാ സംഘടനാ പ്രതിനിധികൾ, ഭരണ വിജ്ഞാന രംഗത്തെ പ്രമുഖർ, നിയമജ്ഞർ, ഐ എൽ ഒ പ്രതിനിധികൾ, വിവിധ സംസ്ഥാനങ്ങളിലെയും സംസ്ഥാനത്തിനകത്തെയും ഉന്നത ഉദ്യോഗസ്ഥർ, വിദഗ്ധർ തുടങ്ങി തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട 150 പ്രധാന വ്യക്തിത്വങ്ങൾ ഡെലിഗേറ്റ്സുകളായി കോൺക്ലേവിൽ പങ്കെടുക്കുമെന്നും മന്ത്രി അറിയിച്ചു. ദേശീയ അന്തർദേശീയ സർവകലാശാലകളിലെ വിദഗ്ധരും വിവിധ സെഷനുകളിൽ പങ്കെടുക്കും.

വിവിധ സെഷനുകളിൽ അന്താരാഷ്ട്ര തൊഴിലാളി സംഘടനകളെ പ്രതിനിധീകരിച്ച് അലക്സ് ഗോർഡെൻ (നാഷണൽ യൂണിയൻ ഓഫ് റെയിൽ മാരിടൈം ആന്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് പ്രസിഡന്റ് യു കെ), റൊണാൾഡോ ലിയെറ്റ് (സെക്രട്ടറി, ബ്രസീലിയൻ വർക്കേഴ്സ് സെന്റർ, പ്രിമെൽ കുമാർ ഖനൽ (മെമ്പർ പ്രസിഡൻഷ്യൽ കൗൺസിൽ ഡബ്ല്യൂ എഫ് ടി നേപ്പാൾ), ജനക അധികാരി (മെമ്പർ പ്രസിഡൻഷ്യൽ കൗൺസിൽ ഡബ്ല്യൂ എഫ് ടി ശ്രീലങ്ക), ജസ്റ്റിൻ മെഡീന (ആമസോൺ ലേബർ യൂണിയൻ യു എസ് എ ഓർഗനൈസിംഗ് കമ്മിറ്റി മെമ്പർ), ഐ എൽ ഒ പ്രതിനിധികളായ ഗബ്രിയേൽ ബോർഡാഡോ, ശ്രീനിവാസ് ബി റെഡ്ഡി, ഡോ സുക്തി ദാസ് ഗുപ്ത, ഡോ ഉമാ റാണി, മഹേന്ദ്ര നായിഡു, ദേശീയ തൊഴിലാളി സംഘടനാ പ്രതിനിധികളായ എളമരം കരീം എം പി (ദേശീയ സെക്രട്ടറി സി ഐ ടി യു), കെ ഹേമലത (സി ഐ ടിയു ദേശീയ പ്രസിഡന്റ്), ശ്രീകുമാർ (എ ഐ ടിയുസി ദേശീയ സെക്രട്ടറി), ആർ സിന്ധു സി ഐ ടി യു ദേശീയ സെക്രട്ടറി, തമ്പാൻ തോമസ് എച്ച് എം എസ് ദേശീയ സെക്രട്ടറി, ആർ ചന്ദ്രശേഖരൻ ഐ എൻ ടി യു സി പ്രസിഡന്റ് എന്നിവരും ദേശീയ അന്തർദേശീയ സർവകലാശാലകളുടെ പ്രതിനിധികളും സംബന്ധിക്കും. കോൺക്ലേവ് 26ന് സമാപിക്കും.

# വിരമിച്ചവരുടെ പെൻഷനിൽ കാലോചിതമായ പരിഷ്കരണം അനിവാര്യം




**കൊച്ചി:** ബാങ്കുകളിൽ നിന്ന് വിരമിക്കുന്ന സമയത്ത് നിശ്ചയിക്കുന്ന പെൻഷൻ ആ ജീവനാന്തം വാങ്ങേണ്ടി വരുന്ന സാഹചര്യം നീതീകരിക്കാൻ ആവാത്തത് ആണെന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ചെയർമാനും മുൻ കേരള ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റിസു മായിരുന്ന കെ അബ്ദുൽ റഹീം പറഞ്ഞു. ബാങ്ക് ഓഫീസർമാരുടെ സംഘടനയായ ഓൾ ഇന്ത്യ ബാങ്ക് പെൻഷനേഴ്സ് ആൻഡ് റിട്ടയറീസ് കോൺഫെഡറേഷൻധ എ ഐ ബി പി എ ആർ സിപ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.മുതിർന്ന പൗരന്മാരായ വിരമിച്ചവരുടെ പെൻഷനിൽ കാലോചിതമായ പരിഷ്കരണം നിയമപരമായ അനിവാര്യമാണെന്നും വിവിധ വകുപ്പുകൾ ഉദ്ധരിച്ച് അദ്ദേഹം പറഞ്ഞു.എ ഐ ബി പി എ ആർ സി ദേശീയ സെക്രട്ടറി സുപ്രിത സർക്കാർ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന സെക്രട്ടറി ശ്രീനാഥ് ഇന്ദുചൂഡൻ വിശിഷ്ട അതിഥിയായിരുന്നു. വിരമിച്ച ബാങ്ക് ഓഫീസർമാരുടെ പെൻഷനിൽ കാലോചിത പരിഷ്കരണം മെച്ചപ്പെട്ട മെഡിക്കൽ ഇൻഷുറൻസ് പദ്ധതി നിലവിലുള്ള ജീവനക്കാരുടെ മെഡിക്കൽ ഇൻഷുറൻസ് പ്രീമിയം പോലെ തന്നെ വിരമിച്ച ജീവനക്കാരുടെയും മെഡിക്കൽ ഇൻഷുറൻസ് പ്രീമിയം ബാങ്കുകൾ വഹിക്കുക, 2002 ന് മുമ്പ് വിരമിച്ചവരുടെ 100% ക്ഷാമബന്ധ സാംശീകരണത്തിലെ അപാകതകൾ പരിഹരിക്കുക, പെൻഷൻ ഇല്ലാതെ വിരമിച്ചവർക്ക് വീണ്ടും ഒരു പെൻഷൻ ഓപഷൻ കൂടി നൽകുക, എന്നീ ആവശ്യങ്ങൾ സംസ്ഥാന സമ്മേളനംആവശ്യപ്പെട്ടു. ബാങ്ക് കളുടെ സ്വകാര്യവൽക്കരണ നീക്കം അവസാനിപ്പിക്കുക, നാഷണൽ പെൻഷൻ സ്കീം നിർത്തലാക്കി സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുലസ്ഥാപിക്കൽ എന്നീ ആവശ്യങ്ങളും ഉന്നയിച്ചു. സമ്മേളനത്തിൽ 800ഓളം പ്രതിനിധികൾ പങ്കെടുത്തു. മുതിർന്ന നേതാക്കളായ എം പി ഡി മേനോൻ ടി ബാലകൃഷ്ണൻ എം കെ രാമചന്ദ്രൻ പി ബി തോമസ് ആർ ചന്ദ്ര സേനൻ എന്നിവരെ സമ്മേളനത്തിൽ ആദരിച്ചു സംസ്ഥാന പ്രസിഡണ്ട് ടോം തോമസ് അധ്യക്ഷനായ യോഗത്തിൽ സംസ്ഥാന സെക്രട്ടറി സി ബി ശ്രീകുമാർ സ്വാഗതവും ജനറൽ കൺവീനർ ശ്രീ കെ .ട്ടി തോമാച്ചൻ നന്ദിയും പറഞ്ഞു

# ഏലൂരിൽ ഗ്രാമവണ്ടി സർവീസ് ആരംഭിച്ചു



**കൊച്ചി:** പൊതു ഇടങ്ങൾ ശക്തിപ്പെടുത്തുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്. ഏലൂർ നഗരസഭയിൽ ആരംഭിക്കുന്ന 'ഗ്രാമവണ്ടി' പദ്ധതി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉടൻതന്നെ കൊച്ചി ക്യാൻസർ സെന്ററിന്റെ ഉദ്ഘാടനം നിർവഹിക്കും. എറണാകുളം മെഡിക്കൽ കോളേജിൽ അത്യാധുനിക നിലവാരത്തിലുള്ള ഉപകരണങ്ങൾ സ്ഥാപിക്കുമെന്നും ഇന്ത്യയിൽ ആദ്യമായി അവയവങ്ങൾ മാറ്റിവയ്ക്കുന്നതിന് വേണ്ടി മാത്രം ഒരു സ്ഥാപനം കോഴിക്കോട് തുടങ്ങുമെന്നും അദ്ദേഹം പറഞ്ഞു.കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചാൽ ഒരു വർഷത്തിനകം ഏലൂരിൽ സയൻസ് പാർക്ക് യാഥാർത്ഥ്യമാകും. 15 ഏക്കർ സ്ഥലത്ത് 200 കോടി രൂപയുടെ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ചെറുപ്പക്കാർക്ക് നിരവധി തൊഴിൽ അവസരങ്ങൾ ലഭ്യമാകും. കുടിവെള്ളം മാലിന്യമുക്തമാക്കുന്നതിന് ശ്രദ്ധിക്കണം. അങ്കണവാടികളുടെ വികസനത്തിന് ഒരുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. എൽ.പി സ്കൂൾ കുട്ടികൾക്ക് പ്രാതൽ നൽകുന്ന പദ്ധതി തുടരുമെന്നും സാധാരണ ജനങ്ങൾക്കായി സമഗ്രമായ പദ്ധതികളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ. എസ്. ആർ.ടി.സി) തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് ഗ്രാമവണ്ടി. ബസ്സിന്റെ ഡീസൽ ചെലവ് മാത്രം ഏലൂർ നഗരസഭ വഹിച്ച് റൂട്ടുകളും, സമയക്രമവും നഗരസഭ നിർദ്ദേശിക്കുന്നതിന് അനുസൃതമായി കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്ന ഗ്രാമവണ്ടി ഏലൂർ നിവാസികളുടെ യാത്രാക്ലേശത്തിന് പരിഹാരമാകുമെന്നാണ് കരുതുന്നത്.നഗരസഭ ചെയർമാൻ എ.ഡി. സുജിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് ചെയർപേഴ്സൺ ലീലാ ബാബു, വികസനകാര്യ ചെയർമാൻ ടി.എം ഷിനിൻ, വിദ്യാഭ്യാസകാര്യം ചെയർമാൻ ടി.ബി രാജേഷ്, നഗരസഭാ സെക്രട്ടറി പി.കെ സുഭാഷ്, കൗൺസിലർമാരായ സീമ സിജു, പി.കെ കൃഷ്ണപ്രസാദ് എന്നിവർ പങ്കെടുത്തു.

## സുരക്ഷാ ബോധവൽക്കരണവും വാഹന പരിശോധനയും

**കൊച്ചി:** നോർത്ത് പറവൂർ സബ് റിജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെ പരിധിയിലുള്ള സ്കൂൾ / കോളേജ് വിദ്യാർഥികളുടെ യാത്രക്കായി ഉപയോഗിക്കുന്ന സ്കൂൾ / കോളേജ് ഉടമസ്ഥതയിൽ ഉള്ള വാഹനങ്ങളുടെയും,ഉടമസ്ഥതയിൽ അല്ലാത്ത സ്വകാര്യ വാഹനങ്ങളുടെയും ഡ്രൈവർമാർക്കും, അറ്റൻഡർമാർക്കും / ആയമാർക്കും, സ്കൂൾ / കോളേജ് ട്രാൻസ്പോർട്ട് സേഫ്റ്റി ഓഫീസർമാർക്കും ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. മെയ് 24, 27 തീയതികളിൽ സ്കൂൾ / കോളേജ് ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ജീവനക്കാർക്കും മെയ് 31ന് സ്കൂൾ / കോളേജ് ഉടമസ്ഥതയിൽ അല്ലാത്ത വാഹനങ്ങളുടെ ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസ് നടക്കും. മെയ് 24 ബുധനാഴ്ച കൊച്ചി താലൂക്കിലെ വൈപ്പിൻ, മുനമ്പം ഭാഗത്തുള്ള സ്കൂൾ / കോളേജ് ഉടമസ്ഥതയിൽ ഉള്ള വാഹനങ്ങളിലെ ജീവനക്കാർക്ക് രാവിലെ ഒമ്പത് മുതൽ ഉച്ചയ്ക്ക് 12.30 വരെ ഞാറക്കൽ ടാലന്റ് പബ്ലിക്ക് സ്കൂളിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കും. മെയ് 27ന് പറവൂർ താലൂക്കിൽ ഉള്ളവർക്ക് ആലങ്ങാട് ജമാ അത്ത് പബ്ലിക് സ്കൂളിൾ ഓഡിറ്റോറിയത്തിൽ ബോധവൽക്കരണ ക്ലാസ് നടക്കും.തുടർന്ന് വാഹനങ്ങളുടെ പരിശോധനയും ഉായിരിക്കുന്നതാണ്. ക്ലാസിൽ പങ്കെടുക്കുന്നവർ സ്കൂൾ /കോളേജ് പ്രിൻസിപ്പാൾമാരിൽ നിന്നും അനുമതി പത്രം വാങ്ങി ഹാജരാക്കേണ്ടതാണ്. ഇന്റർനെറ്റ് കണക്ടിവിറ്റി ഉള്ള ഒരു സ്മാർട്ട് ഫോൺ കൊുവരുന്നത് അഭികാമ്യം ആയിരിക്കും.സ്കൂൾ / കോളേജ് വിദ്യാർഥികളുടെ യാത്രക്കായി ഉപയോഗിക്കുന്ന സ്കൂൾ / കോളേജ് ഉടമസ്ഥതയിൽ അല്ലാത്ത വാഹനങ്ങളുടെയും ഡ്രൈവർമാർക്കും/ അറ്റൻഡർമാർക്കും / ആയമാർക്കും മെയ് 31 ബുധനാഴ്ച രാവിലെ ഒമ്പത് മുതൽ ഉച്ചയ്ക്ക് 12.30 വരെ കൂനമ്മാവ് ചവറ ദർശൻ പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ ബോധവൽക്കരണ ക്ലാസും വാഹന പരിശോധനയും ഉായിരിക്കുന്നതാണ്. സ്വകാര്യ വ്യക്തികൾ അവരുടെ ലൈസൻസ് കോപ്പി / തിരിച്ചറിയൽ രേഖകൾ ഹാജരാക്കണം.ഈ ക്ലാസ്സുകളിലും, വാഹന പരിശോധനയിലും പങ്കെടുത്ത് അവരവരുടെ വാഹങ്ങളിൽ പരിശോധന സ്റ്റിക്കർ പതിപ്പിക്കേണ്ടതാണ്. 2023 ജൂൺ ഒന്ന് മുതൽ പരിശോധനാ സ്റ്റിക്കർ ഇല്ലാത്ത വാഹനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്ന് നോർത്ത് പറവൂർ ജോയിന്റ് ആർ.ടി. ഒ അറിയിച്ചു.

## സ്വയം തൊഴിൽ വായ്പ

**കൊച്ചി:**കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന സ്വയം തൊഴിൽ (50,000 00 500,000.00 വരെ), പെൺകുട്ടികളുടെ വിവാഹം ( 2,00,000 വരെ ) വിദ്യാഭ്യാസം, സ്വയംതൊഴിലിനുള്ള വാഹന വായ്പ വിവിധ വാഹനങ്ങൾ (10,00,000 വരെ), ഗവണ്മെന്റ് ഉദ്യോഗസ്ഥർക്കുള്ള കാർ വായ്പ), (700,000/വരെ), ഗവൺമെൻറ് ഉദ്യോഗസ്ഥർക്ക് ഉള്ള വ്യക്തിഗത 200,000വരെ) വിദേശ തൊഴിൽ വായ്പ (200,000 വരെ) തുടങ്ങിയ വായ്പാ പദ്ധതികളിലേയ്ക്ക് എറണാകുളം ജില്ലയിലെ 18 നും 55 നും ഇടയിൽ (വിവാഹ വായ്പ ഒഴികെ) പ്രായമുള്ള പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 3,50,000) (വിവാഹ വായ്പ ഒഴികെ) രൂപയിൽ കവിയാത്തവർ ആയിരിക്കണം. വിവാഹ വായ്പയ്ക്ക് അപേക്ഷിക്കുന്നതിനു പ്രായ പരിധി 65 വയസ്സും കുടുംബ വാർഷിക വരുമാന പരിധി 3,00,000 രൂപയുമാണ്. വായ്പകൾക്ക് കേരള സർക്കാർ ഉദ്യോഗസ്ഥ ജാമ്യമോ ശമ്പളത്തിന്റെ പത്തിരട്ടി വരെ വായ്പ ലഭിക്കും, 350,000 വരെ) 4 സെന്റിൽ കുറയാത്ത വസ്തു ജാമ്യമോ നൽക്കേതാണ്. കൂടുതൽ വിവരങ്ങൾക്ക് കോർപ്പറേഷന്റെ വൈറ്റിലയിൽ പ്രവർത്തിക്കുന്ന ജില്ലാ കാര്യാലയവുമായി ബന്ധപ്പെടുക. (ബ്ലോക്കിൽ നിന്നും കിട്ടിയ വസ്തു സ്വയം തൊഴിൽ വായ്പ ഭവന പുനരുദ്ധാരണം എന്നിവയിൽ ഉൾപെടുത്താൻ കഴിയില്ല) ഫോൺ 0484 2302663.,9400068507

## കാർ വാടകയ്ക്ക്: ടെർ ക്ഷണിച്ചു

**കൊച്ചി:** കാക്കനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന വനിതാ സംരക്ഷണ ഓഫീസറുടെ ഔദ്യോഗിക ആവശ്യത്തിനായി 2023 ജൂൺ മുതൽ 2024 മെയ് വരെ കരാർ അടിസ്ഥാനത്തിൽ വാഹനം ( കാർ ) വാടകയ്ക്ക് നൽകുന്നതിന് താല്പര്യമുള്ള വാഹന ഉടമകളിൽ നിന്നു ടെർ ക്ഷണിച്ചു.
ടെറുകൾ സമർപ്പിക്കേ അവസാന തീയതി മെയ് 29 നാണ്. കൂടുതൽ വിവരങ്ങൾക്ക് 8281999057 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ഗിയർ ടെക്നീഷ്യൻ തസ്തികയിൽ ഒഴിവ്

**കൊച്ചി:** എറണാകുളം ജില്ലയിലെ ഒരു അർദ്ധ സർക്കാർ സ്ഥാപനത്തിൽ ഗിയർ ടെക്നീഷ്യൻ തസ്തികയിൽ മുസ്ലീം വിഭാഗത്തിൽ ഒരു ഒഴിവ്. യോഗ്യത എസ് എസ് എൽ സി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നടത്തുന്ന ഗിയർ ടെക്നീഷ്യൻ കോഴ്സ് വിജയിക്കണം, നോട്ടിക്കൽ എഞ്ചിനീയറിംഗ് പരിശീലനം എന്നിവ അല്ലെങ്കിൽ തത്തുല്യം. കപ്പലിൽ മത്സ്യബന്ധന ഉപകരണങ്ങൾ കൂട്ടി യോജിപ്പിക്കുന്നതിലും അറ്റകുറ്റപ്പണി നടത്തുന്നതിലും മത്സ്യബന്ധന വിവരശേഖരണത്തിലുംമ് വർഷത്തെ പ്രവൃത്തിപരിചയം. പ്രായം 18 നും 41 നും ഇടയിൽ ( നിയമനുസൃത വയസിളവ് അനുവദനീയം ). 26500 60700 രൂപയാണ് ശമ്പളം. നിശ്ചിത യോഗ്യതയുള്ള താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ മെയ് 31 നകം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യണം. മുസ്ലീം വിഭാഗത്തിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ മറ്റു സംവരണ വിഭാഗക്കാരെയും പരിഗണിക്കും.

### ഡാറ്റാ എൻട്രി ഓപ്പറേറ്റർ താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം ഗവ ലോ കോളേജിൽ 202324 അധ്യയന വർഷത്തിൽ 2023 ജൂൺ ഒന്നു മുതൽ 2024 മാർച്ച് 31 വരെ കാലയളവിലേക്ക് ഐക്യുഎസി യുടെ കീഴിൽ ഡാറ്റാ എൻട്രി ജോലികൾ ചെയ്യുന്നതിന് താത്കാലിക അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററെ ആവശ്യമുണ്ട്. ബിരുദം, കമ്പ്യൂട്ടർ പരിജ്ഞാനം, ഐക്യുഎസി ജോലികൾ ചെയ്തുള്ള പ്രവൃത്തി പരിചയം എന്നിവ അഭികാമ്യം. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ മെയ് 29ന് രാവിലെ 10.30 ന് വിദ്യാഭ്യാസ യോഗ്യത, ജനനതീയതി, മുൻപരിചയം എന്നിവ തെളിയിക്കുന്ന അസൽ രേഖകളും അവയുടെ പകർപ്പുകളും സഹിതം പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകണം.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ഗവ ലോ കോളേജ് കാൻറീൻ 202324 വർഷം ഏറ്റെടുത്ത് നടത്തുന്നതിന് പരിചയസമ്പന്നരായ വ്യക്തികളിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷൻ മെയ് 30ന് ഉച്ചയ്ക്ക് ശേഷം രിനു മുമ്പായി ലഭിക്കണം. ക്വട്ടേഷൻ നൽകുന്ന കവറിനു പുറത്ത് കോളേജ് കാൻറീൻ നടത്തുന്നതിനുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തണം. കൂടുതൽ വിവരങ്ങൾ ഓഫീസിൽ അറിയാം.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കാക്കനാട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന എറണാകുളം വനിതാ സംരക്ഷണ ഓഫീസറുടെ ഔദ്യോഗിക ആവശ്യത്തിനായി 2023 ജൂൺ മുതൽ 2024 മെയ് വരെ കരാർ അടിസ്ഥാനത്തിൽ വാഹനം (കാർ) വാടകയ്ക്ക് നൽകുന്നതിന് താല്പര്യമുള്ള വാഹന ഉടമകളിൽ നിന്ന് ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡറുകൾ സമർപ്പിക്കേ അവസാന തിയതി മെയ് 29ന് ഉച്ചയ്ക്ക് 1.30 വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 8281999057.

## സൗജന്യ ഹ്രസ്വകാല കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** കളമശ്ശേരി ഗവ. ഐ ടി ഐയിൽ പിഎംകെവൈ 4.0 സൗജന്യ ഹ്രസ്വകാല കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. 18 നും 45 വയസ്സിനും ഇടയിലുള്ള താത്പര്യമുള്ളവർ പാസ്പോർട്ട് സൈസ് ഫോട്ടോ, ആധാർ കാർഡ് , എസ് എസ് എൽ സി / വിദ്യാഭ്യാസ യോഗ്യതയുടെ അസ്സൽ / പകർപ്പ് എന്നിവ സഹിതം നേരിട്ട് ഐ ടി ഐ യിൽ ഹാജറാക്കോണ്. രജിസ്ട്രേഷൻ അവസാന തീയതി 10.6.2023 . കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 0484 2555505.

### താൽക്കാലിക നിയമനം

**കൊച്ചി:** മൃഗസംരക്ഷണ വകുപ്പിന്റെ മൊബൈൽ ടെലി വെറ്റിനറി യൂണിറ്റിലേക്ക് എംപ്ലോയ്മെന്റിൽ നിന്നും നിയമനം നടത്തുന്നത് വരെ (പരമാവധി 89 ദിവസത്തേക്ക് ) താൽക്കാലിക അടിസ്ഥാനത്തിൽ വെറ്റിനറി സർജനെ നിയമിക്കുന്നു. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് ചൊവ്വാഴ്ച (23)രാവിലെ 11 ന് എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ ക്രമീകരിച്ചിട്ടുള്ള വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം. മൃഗാശുപത്രി സേവനങ്ങൾ അനായാസേന ലഭ്യമല്ലാത്ത വിദൂര പ്രദേശങ്ങളിലുള്ള കർഷകർക്ക് മൃഗപരിപാലന സേവനങ്ങൾ ലഭിക്കുന്നതിനായി നടത്തിവരുന്ന പദ്ധതിയാണ് ടെലി വെറ്റിനറി യൂണിറ്റ്.

# സർക്കാരിന്റേത് ജനപക്ഷത്ത് നിന്നുള്ള പ്രവർത്തനങ്ങൾ: മന്ത്രി പി രാജീവ്



**കൊച്ചി:** ജനപക്ഷത്ത് നിന്നുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്. സംസ്ഥാന സർക്കാരിന്റെ നൂറ് ദിന കർമ്മ പദ്ധതിയോടനുബന്ധിച്ച് കളമശ്ശേരി നഗരസഭയിലെ 39ാമത് ഡിവിഷനിൽ പ്രവർത്തിക്കുന്ന പൊതുവിതരണ കേന്ദ്രം കെ സ്റ്റോർ ആയി ഉയർത്തുന്നതിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.കെ സ്റ്റോർ എന്നത് നവീനമായ ആശയമാണ്. ജില്ലയിൽ ആറ് പൊതുവിതരണ കേന്ദ്രങ്ങളാണ് കെ സ്റ്റോറായി ഉയർത്തുന്നത്. കെ സ്റ്റോറുകളിൽ ശബരി, സപ്ലൈകോ ഉൽപ്പന്നങ്ങൾക്ക് പുറമേ പ്രദേശത്ത് ഉണ്ടാക്കുന്ന സാധനങ്ങൾ കൂടി വിൽപ്പനയ്ക്കായി എത്തിക്കുന്ന കാര്യം കൂടി പരിഗണിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.രണ്ടാം വാർഷികത്തിൽ കളമശ്ശേരി മണ്ഡലത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി നിരവധി പദ്ധതികളാണ് നടപ്പിലാക്കുന്നത്. വ്യവസായ വകുപ്പ്, കൊച്ചിൻ യൂണിവേഴ്സിറ്റി, വിദേശ യൂണിവേഴ്സിറ്റികൾ എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന സയൻസ് പാർക്കിന്റെ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. അങ്കണവാടികളെ ഇന്റർനാഷണൽ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഒരു കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ലൈബ്രറികളിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഒരു കോടിയുടെ പ്രവർത്തനങ്ങളാണ് മണ്ഡലത്തിൽ നടപ്പിലാക്കുന്നത്. പൊതു ഇടങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പത്ത് കോടിയുടെ പദ്ധതിയും നടപ്പിലാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.റേഷൻ സാധനങ്ങൾക്ക് പുറമെ സപ്ലൈകോ ശബരി ഉത്പന്നങ്ങൾ, 5 കിലോ ചോട്ടുഗ്യാസ്, അക്ഷയ, ബാങ്കിങ് സേവനങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയാണ് കെ. സ്റ്റോറിന്റെ ലക്ഷ്യം.കളമശ്ശേരി നഗരസഭ ചെയർപേഴ്സൺ സീമ കണ്ണൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ജില്ലാ സപ്ലൈ ഓഫീസർ ബി ജയശ്രീ, കണയന്നൂർ താലൂക്ക് സപ്ലൈ ഓഫീസർ എസ് സ്മിത, സിവിൽ സപ്ലൈസ് വകുപ്പ് ജീവനക്കാർ, ജനപ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## കോരൻ കടവ് പാലം ഗതാഗതത്തിനായ് തുറന്നു നൽകി



**കൊച്ചി:** പശ്ചാത്തല മേഖലയിൽ ജനങ്ങൾക്ക് പ്രയോജനകരമാകുംവിധം ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ സംസ്ഥാന സർക്കാരിനു സാധിച്ചെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു. നിർമ്മാണം പൂർത്തീകരിച്ച കോരൻകടവ് പാലം ഗതാഗതത്തിനു തുറന്നു നൽകികൊണ്ട്സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ ഓൺലൈനായാണ് മന്ത്രി പങ്കെടുത്തത്.പിറവം, കുന്നത്തുനാട് നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലമാണിത്. പാലത്തിന്റെ നിർമ്മാണത്തോടെ രാമമംഗലം ഭാഗത്തുനിന്നും ദേശീയ പാതയായ കൊച്ചി ധനുഷ്കോടി റോഡിലേക്ക് വേഗത്തിൽ എത്തിച്ചേരാനാകും. ഇതോടെ രണ്ട് മണ്ഡലങ്ങളുടെയും ഗ്രാമീണ മേഖലയിൽ വൻ വികസന മുന്നേറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.മൂവാറ്റുപുഴയാറിന് കുറുകെ 134 മീറ്റർ നീളത്തിൽ ഇരുവശത്തും ഒന്നര മീറ്റർ നടപ്പാതയടക്കം 11 മീറ്റർ വീതിയിലാണ് പാലം നിർമ്മിച്ചിരിക്കുന്നത്. രണ്ടു വരി ഗതാഗതം സാധ്യമാക്കുന്നതിനായി ഏഴര മീറ്റർ വീതിയിൽ കാരിയേജ് വേയും ഇരു വശങ്ങളിലും ഒന്നര മീറ്റർ വീതിയിൽ നടപ്പാതയും വരുന്ന രീതിയിലാണ് പാലം നിർമ്മിച്ചിരിക്കുന്നത്.2010 ലാണ് ജനങ്ങളുടെ ദീർഘകാലത്തെ ആവശ്യമായിരുന്ന കോരൻ കടവ് പാലത്തിന് ഫണ്ട് അനുവദിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ ഉൾപ്പെടുത്തി 9.15 കോടി രൂപ അനുവദിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. എന്നാൽ അപ്രോച്ച് റോഡിനെ ചൊല്ലി ഉയർന്ന സാങ്കേതിക പ്രശ്നങ്ങൾ മൂലം നിർമ്മാണം പാതിവഴിയിൽ നിലച്ചു. 2020 ൽ സർക്കാർ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു. അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനുൾപ്പെടെ അധികതുക കൂടി അനുവദിച്ചു. ചടങ്ങിൽ പി വി ശ്രീനിജിൻ എം. എൽ. എ. അധ്യക്ഷത വഹിച്ചു. അനൂപ് ജേക്കബ് എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. തോമസ് ചാഴിക്കാടൻ എം. പി. വിശിഷ്ടാതിഥിയായി. പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പാലങ്ങൾ വിഭാഗം) നീന സൂസൻ പുന്നൻ റിപ്പോർട്ട് അവതരിപ്പിച്ചു.

# മുത്തൂറ്റ് ഫിനാൻസിന് 1,009 കോടി രൂപ സംയോജിത അറ്റാദായം




**കൊച്ചി:** ബാങ്കിതര ധനകാര്യ സേവനദാതാക്കളായ മുത്തൂറ്റ് ഫിനാൻസ് കഴിഞ്ഞ സാമ്പത്തിക വർഷം (2022-23) മാർച്ചിൽ അവസാനിച്ച നാലാം പാദത്തിൽ 1,009 കോടി രൂപ സംയോജിത അറ്റാദായം നേടിയതായി നേജിങ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.200122 സാമ്പത്തിക വർഷം നാലാം പാദത്തിൽ അറ്റാദായം 1,006 കോടി രൂപയായിരുന്നു അറ്റാദായം. 0.30 ശതമാനമാണ് ലാഭത്തിലെ വർധന.മൂന്നാം പാദത്തിലെ 934 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ സംയോജിത ലാഭം 8 ശതമാനം കൂടിയിട്ടുണ്ട്. നാലാം പാദത്തിൽ മുത്തൂറ്റ് ഫിനാൻസിൻറെ മാത്രം ലാഭം 903 കോടി രൂപയാണ്. ഗ്രൂപ്പ് കൈകാര്യം ചെയ്യുന്ന സംയോജിത വായ്പാ ആസ്തികൾ വാർഷികാടിസ്ഥാനത്തിൽ 11 ശതമാനം വർധനയോടെ 71,497 കോടി രൂപയിലെത്തി. മുൻ സാമ്പത്തിക വർഷം ഇത് 64,494 കോടി രൂപയായിരുന്നു.സ്വർണ പണയ വായ്പകളിൽ ചരിത്രത്തിലെ തന്നെ റെക്കോർഡ് വളർച്ചയാണ് മുത്തൂറ്റ് ഫിനാൻസ് രേഖപ്പെടുത്തിയത്. 51,850 കോടി രൂപയുടെ സ്വർണ പണയവായ്പകൾ ഇക്കാലയളവിൽ വിതരണം ചെയ്തു. 5,051 കോടി രൂപയുടെ വർധനയാണ് നാലാം പാദത്തിൽ സ്വർണ പണയത്തിൽ രേഖപ്പെടുത്തിയത്. പലിശ വരുമാനവും ചരിത്രത്തിലെ ഏറ്റവും ഉയർന്ന തലത്തിലാണ്, 2,677 കോടി രൂപ. കഴിഞ്ഞ സാമ്പത്തിക വർഷം കമ്പനിയുടെ സംയോജിത ലാഭം 3,670 കോടി രൂപയാണ്. 202122 സാമ്പത്തിക വർഷം ലാഭം 4,031 കോടി രൂപയായിരുന്നു.സ്വർണ വായ്പാ വിഭാഗത്തിൽ നേതൃസ്ഥാനം നിലനിർത്തി വിവിധ വായ്പാ ഉത്പന്നങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഉപഭോക്തൃ അടിത്തറ വിപുലീകരിക്കാനാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്ന് മുത്തൂറ്റ് ഗ്രൂപ്പ് ചെയർമാൻ ജോർജ് ജേക്കബ് മുത്തൂറ്റ് അറിയിച്ചു.ചെറുകിട ബിസിനസ് ലോണുകളും മൈക്രോ പേഴ്സണൽ ലോണുകളും പോലുള്ള പുതിയ വായ്പാ മേഖലകളിലേക്ക് കടന്നു. 202324 സാമ്പത്തിക വർഷം ഈ പുതിയ ഉൽപ്പന്നങ്ങളിൽ കാലിബ്രേറ്റഡ് വളർച്ച കൈവരിക്കാൻ തങ്ങൾ ഉദ്ദേശിക്കുന്നു. സബ്സിഡിയറികളിലെ വിതരണത്തിലും ഉണർവ് കാണുന്നുവെന്ന് ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.202324 സാമ്പത്തിക വർഷം 1015 ശതമാനം വളർച്ചയാണ് വായ്പയിൽ കമ്പനി ലക്ഷ്യമിടുന്നത്. 10 രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 22 രൂപ ലാഭവീതം നൽകാനും കമ്പനി തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം 5,838 ശാഖകളാണ് മുത്തൂറ്റ് ഫിനാൻസിനുള്ളത്. ഇതിൽ 259 എണ്ണം കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തനമാരംഭിച്ചവയാണ്.കൂടാതെ തുടർച്ചയായി രണ്ടാം വർഷവും 'ഗ്രേറ്റ് പ്ലേസ് ടു വർക് ഇൻസ്റ്റിറ്റ്യൂട്ടി'ൻറെ ഏറ്റവും മികച്ച തൊഴിലിടമെന്ന അംഗീകാരവും മുത്തൂറ്റ് ഫിനാൻസ് സ്വന്തമാക്കിയിട്ടുണ്ട്. ഇതിനുപുറമെ ട്രസ്റ്റ് റിസർച്ച് അഡൈ്വസറി യുടെ ഈ വർഷത്തെ ബ്രാൻഡ് ട്രസ്റ്റ് റിപ്പോർട്ടിൽ രാജ്യത്തെ ഏറ്റവും വിശ്വാസ്യതയുള്ള ഫിനാൻഷ്യൽ സർവീസസ് ബ്രാൻഡ് എന്ന ബഹുമതിയും കമ്പനി സ്വന്തമാക്കി. തുടർച്ചയായി ഏഴാമത്തെ വർഷമാണ് ഈ അംഗീകാരത്തിന് കമ്പനി അർഹരാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

# തിരുവനന്തപുരം ലുലു മാളിൽ എക്സ്ക്ലൂസീവ് സ്റ്റോർ ആരംഭിച്ച് ടി, ദ ബ്രാന്റ്

**തിരുവനന്തപുരം:** കേരളം ആസ്ഥാനമായ പ്രമുഖ ഇന്ത്യൻ ടെക്സ്റ്റൈൽ സ്റ്റാർട്ടപ്പ് ജിയാക്ക ആൻഡ് അബിറ്റോ സാർട്ടോറിയാലുടെ ( ജി ആൻഡ് എ) (Giacca & Abito Sartoriale) കീഴിലുള്ള മുൻനിര ബ്രാൻഡ് ആയ ടി ദ ബ്രാന്റ് തിരുവനന്തപുരം ലുലു മാളിൽ അവരുടെ ആദ്യത്തെ എക്സ്ക്ലൂസീവ് സ്റ്റോർ തുറന്നു. .വർക്ക് വെയർ, കാഷൽസ്, ഒക്കേഷൻ വെയർ തുടങ്ങിയ ഡിസൈനുകളിലുള്ള വസ്ത്രങ്ങൾ സ്റ്റോറിൽ ലഭിക്കും. കൂടാതെ വസ്ത്രങ്ങൾക്കൊപ്പം ആക്സസറീസും സ്റ്റോറിൽ വാങ്ങാനാകും. ആഗോള തലത്തിൽ ഇന്ത്യയിലെ ഏറ്റവും മികച്ച ഉപഭോകൃത് കേന്ദ്രീകൃത മെൻസ് ലൈഫ് സ്റ്റൈൽ കമ്പനിയായി മാറുന്നതിനുള്ള പാതയിലാണ് തങ്ങളെന്ന് ജിയാക്ക ആൻഡ് അബിറ്റോ സാർട്ടോറിയാൽ ഫാഷൻ പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപകനും സിഇഒയുമായ ശ്രീജിത്ത് ശ്രീകുമാർ പറഞ്ഞു. ഗുണമേന്മയിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യാതെ ആഡംബര ഫാഷൻ, സാധാരണക്കാർക്ക് താങ്ങാനാവുന്ന തലത്തിലേക്ക് മാറ്റുകയാണ് ഞങ്ങളുടെ ലക്ഷ്യം. ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച ഫാഷൻ അനുഭവം ഉറപ്പാക്കാൻ കമ്പനി പ്രതിജ്ഞാബദ്ധമാണെന്നും ശ്രീജിത്ത് ശ്രീകുമാർ വ്യക്തമാക്കി.പ്രീമിയം വസ്ത്ര ഷോപ്പിംഗ് അനുഭവം ജനാധിപത്യവൽക്കരിക്കുക എന്നതിനാണ് ടി ദി ബ്രാന്റ് മുൻഗണന നൽകുന്നത്. ബജറ്റ് പരിമിതികൾക്ക് അതീതമായി ഉയർന്ന നിലവാരമുള്ള ഫാഷൻ എല്ലാവർക്കും ലഭ്യമാകണമെന്നാണ് ബ്രാൻഡ് വിശ്വസിക്കുന്നത്. ഷോപ്പിംഗ് അനുഭവം മെച്ചപ്പെടുത്തുന്നതിന് സ്റ്റോറിൽ പരിചയസമ്പന്നരായ സ്റ്റൈലിംഗ് വിദഗ്ധരുടെ സേവനും ലഭ്യമാക്കിയിട്ടുണ്ട്. ജി ആന്റ് എ യ്ക്ക് 'ടീ ആൻഡ് ടെയ്ലറിംഗ്' എന്ന പേരിൽ ഇകൊമേഴ്സ് പോർട്ടലുമുണ്ട്. ഓഫ്ലൈൻ റീട്ടെയിലിനൊപ്പം തന്നെ പരിധികളില്ലാതെ ഓൺലൈൻ ഷോപ്പിംഗ് അനുഭവവും ഉപഭോക്താക്കളിൽ ഉറപ്പാക്കാൻ ലക്ഷ്യമിട്ടാണിത്. കോഴിക്കോട്ടും കൊച്ചിയിലും ഉൾപ്പെടെ സ്റ്റോറുകൾ തുറന്ന് രാജ്യത്തുടനീളം ഓഫ്ലൈൻ സാന്നിധ്യം വ്യാപിപ്പിക്കാനും ജി ആൻഡ് എ പദ്ധതിയിടുന്നുണ്ട്. മെൻസ് ലൈഫ് സ്റ്റൈൽ സ്റ്റോറിനൊപ്പം പ്രീമിയം ചായ കുടിക്കുന്ന അനുഭവും കൂടി സമ്മാനിക്കുന്ന ടീ ബാറും സമന്വയിപ്പിച്ചുള്ള ഷോറൂം സംസ്ഥാനത്ത് ഒരുങ്ങുകയാണ്.

# കൊച്ചി ലുലു ഹൈപ്പർമാർക്കറ്റിൽ ചോക്ലേറ്റ് ഫെസ്റ്റിന് തുടക്കമായി




**കൊച്ചി:**മധുരപ്രേമികൾക്ക് ഉത്സവാന്തരീക്ഷം സമ്മാനിച്ച് ലുലു ചോക്ലേറ്റ് ഫെസ്റ്റിന് ആവേശതുടക്കം. ലോകത്തിലെ ഏറ്റവും മികച്ച ബ്രാൻഡുകളുടെ ഏറ്റവും പുതിയ ചോക്ലേറ്റുകൾ, വാഫിൾസ്, ഡോനട്ട്സ്, കേക്കുകൾ എന്നിവ അടക്കം മുൻ ചോക്ലേറ്റ് ബ്രാൻഡുകളുടെ സ്വാദിഷ്ഠമായ വിഭവങ്ങൾളാണ് ചോക്ലേറ്റ് ഫെസ്റ്റിൽ ഏവരെയും കാത്തിരിക്കുന്നത്.കിറ്റ്കാറ്റ്, ഫെറേറോ റോച്ചർ എന്നിവരുമായി സഹകരിച്ച് ഗാലക്സി അവതരിപ്പിക്കുന്ന ലുലു ചോക്കോ ഫെസ്റ്റിൽ പുതിയ ചോക്ലേറ്റ് ഉൽപ്പന്നങ്ങളുടെ ലോഞ്ചുകളടക്കം നിരവധി മധുരം വിനോദങ്ങളും ഒരുക്കിയിട്ടുണ്ട്. മധുരം വിനോദങ്ങളും ഒരുക്കിയിട്ടുണ്ട്. മെയ് 19ന് തുടങ്ങിയ ഫെസ്റ്റ് 28 വരെ നീണ്ടുനിൽക്കും. കൂടാതെ, ആകർഷകമായ ഓഫറുകളും, ലുലു ചോക്ലേറ്റ് ഫെസ്റ്റിൽ ഉപഭോക്താക്കളെ കാത്തിരിക്കുന്നു.കൊച്ചി ലുലു മാളിൽ നടന്ന ചടങ്ങിൽ , സിനിമാ താരങ്ങളായ ശ്രുതി രാമചന്ദ്രൻ, ഗോവിന്ദ് പത്മസൂര്യ അടക്കമുള്ളവർ ചേർന്ന് ചോക്ലേറ്റ് ഫെസ്റ്റിന്റെ ലോഗോ പ്രകാശനം ചെയ്തു.

# പ്രവാസി പുനരധിവാസ വായ്പാ പദ്ധതി

**കൊച്ചി:** സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നോർക്ക റൂട്ട്സ് മായി ചേർന്ന് നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതിയായ 'പ്രവാസി പുനരധിവാസ വായ്പാ പദ്ധതിക്കു കീഴിൽ വായ്പ അനുവദിയ്ക്കുന്നതിനായി കേരളത്തിലെ വിവിധ ജില്ലകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭക ഗുണമുള്ള യുവതി യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.അപേക്ഷകർ പട്ടിക വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരും, 18 നും 55 നും മദ്ധ്യേ പ്രായമുള്ളവരുമായിരിയ്ക്കണം. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാണ് പരമാവധി 20 ലക്ഷം രൂപ വരെ ഈ വായ്പ അനുവദിക്കുന്നത്. നൽകുന്ന വായ്പയുടെ 15 ശതമാനം ബാക്ക് എൻഡ് സബ്സിഡി ആയും, തിരിച്ചടവ് വീഴ്ച കൂടാതെ നടത്തുന്ന സംരംഭകർക്ക് ആദ്യത്തെ നാല് വർഷ കാലത്തേക്ക് 3 ശതമാനം പലിശ സബ്സിഡിയായും നോർക്ക റൂട്ട്സ് അനുവദിക്കും. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനമനുസരിച്ച് വായ്പകൾ നൽകും. 3.50 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള അപേക്ഷകർക്ക് അഞ്ച് ലക്ഷം രൂപയും, അതിനു മുകളിൽ 10 ലക്ഷം രൂപ വരെ വരുമാനവുമുള്ള അപേക്ഷകർക്ക് 10 ലക്ഷം രൂപയും, 10 മുതൽ 15 ലക്ഷം രൂപ വരെ വരുമാനമുള്ള അപേക്ഷകർക്ക് 20 ലക്ഷം രൂപയുമാണ് പരമാവധി വായ്പ നൽകുക. കൃത്യമായി തവണ സംഖ്യകൾ തിരിച്ചടക്കുന്നവർക്ക്, നോർക്ക സബ്സിഡി പരിഗണി കൂടമ്പോൾ വായ്പയുടെ പലിശ നിരക്ക് 4 മുതൽ 6 ശതമാനം വരെയും, തിരിച്ചടവ് കാലയളവ് 5 വർഷവുമാണ്. തെരഞ്ഞെടുക്കപ്പെടുന്നവർ ഈടായി കോർപ്പറേഷന്റെ നിബന്ധനകൾക്കനുസരിച്ച് ആവശ്യമായ ഉദ്യോഗസ്ഥ ജാമ്യമോ, വസ്തു ജാമ്യമോ ഹാജരാക്കേണ്ടതാണ്. താൽപ്പര്യമുള്ള അപേക്ഷകൾ അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കുമായി കോർപ്പറേഷന്റെ ബന്ധപ്പെട്ട ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതും നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. അപേക്ഷയോടൊപ്പം ജാതി കുടുംബ വാർഷിക വരുമാനം, വയസ്സ് എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ് കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. അപേക്ഷയും അനുബന്ധ രേഖകളും നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിച്ച് അപേക്ഷകർ രജിസ്ട്രേഷൻ നടത്തേണ്ടതിനാൽ ജില്ലാ ഓഫീസിൽ നിന്നും പിന്നീട് ആവശ്യപ്പെടുന്ന മുറയ്ക്ക് മറ്റു വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. നോർക്കാ റൂട്ട്സിന്റെ പരിശോധനക്കു ശേഷമായിരിക്കും കോർപ്പറേഷൻ തുടർന്ന് വായ്പക്കായി പരിഗണിക്കുക.

# താൽക്കാലിക നിയമനം

**കൊച്ചി:** മൃഗസംരക്ഷണ വകുപ്പിന്റെ മൊബൈൽ ടെലി വെറ്റിനറി യൂണിറ്റിലേക്ക് എംപ്ലോയ്മെന്റിൽ നിന്നും നിയമനം നടത്തുന്നത് വരെ (പരമാവധി 89 ദിവസത്തേക്ക് ) താൽക്കാലിക അടിസ്ഥാനത്തിൽ വെറ്റിനറി സർജനെ നിയമിക്കുന്നു. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് ചൊവ്വാഴ്ച്ച (23)രാവിലെ 11 ന് എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ ക്രമീകരിച്ചിട്ടുള്ള വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം. മൃഗാശുപത്രി സേവനങ്ങൾ അനായാസേന ലഭ്യമല്ലാത്ത വിദൂര പ്രദേശങ്ങളിലുള്ള കർഷകർക്ക് മൃഗപരിപാലന സേവനങ്ങൾ ലഭിക്കുന്നതിനായി നടത്തിവരുന്ന പദ്ധതിയാണ് ടെലി വെറ്റിനറി യൂണിറ്റ്.

# കൊച്ചി ഇൻഫോപാർക്കിൽ പുതിയ കേന്ദ്രം തുറന്ന് ആക്സിയ ടെക്നോളജീസ്

**കൊച്ചി:** ഓട്ടോമോട്ടീവ് രംഗത്തെ മുൻനിര ബ്രാന്റായ ആക്സിയ ടെക്നോളജീസ് അവരുടെ പ്രവ!ർത്തനങ്ങൾ കൊച്ചിയിലേക്ക് വ്യാപിപ്പിക്കുന്നു.തിരുവനന്തപുരം ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന ആക്സിയ ടെക്നോളജീസ് കൊച്ചിയിൽ ഇൻഫോപാർക്കിലെ ലുലു സൈബർ ടവർ 2 ലാണ് പുതിയ ഓഫീസ് തുറക്കുന്നത്. 12,563 ചതുരശ്ര അടി വിസ്തീർണത്തിലാണ് ഈ ഓഫീസ്. കൊച്ചിയിലേക്ക് പ്രവർത്തനം വ്യാപിക്കുന്നതോടെ 150 പുതിയ തൊഴിലവസരങ്ങൾ ലഭ്യമാകും.രണ്ട് പ്രൊജക്ടുകളിലാണ് കൊച്ചി സെന്റ!ർ തുടക്കത്തിൽ പ്രവർത്തിക്കുന്നത്. കൂടാതെ പ്രമുഖ സർവകലാശാലകളിൽ നിന്നുമുള്ള കഴിവുള്ള ബിരുദധാരികളെ സോഫ്റ്റ്വെയർ എഞ്ചിനീയർ, പ്രൊഡക്റ്റ് മാനേജർ, സിസ്റ്റം ആർക്കിടെക്റ്റസ്, സോഫ്റ്റ്വെയർ ആർക്കിടെക്റ്റ്സ് തുടങ്ങി നിരവധി തസ്തികകളിലേക്ക് ഉൾപ്പെടുത്താൻ കമ്പനി പദ്ധതിയിടുന്നുണ്ട്. മികച്ച ശമ്പളവും ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്യുന്നതിനൊപ്പം, അവരുടെ കരിയറിന്റെ വളർച്ചയെയും കൂടുതൽ പഠനങ്ങളെ പ്രോത്സാഹിപ്പിക്കാനും ആക്സിയ പ്രതിജ്ഞാബദ്ധമാണ്. ജീവനക്കാർക്ക് ഏറ്റവും നല്ല തൊഴിൽ അന്തരീക്ഷവും പിന്തുണയും ഉറപ്പാക്കിക്കൊണ്ട് കൊച്ചിയിലെ തങ്ങളുടെ സാന്നിദ്ധ്യം ശക്തിപ്പെടുത്താനാണ് കമ്പനി ലക്ഷ്യമിടുന്നത്.ഓട്ടോമോട്ടീവ് സോഫ്റ്റ്വെയർ മേഖല ഉയർന്ന ആവശ്യകതയുള്ള മേഖലയാണ്. ലോകത്തിലെ മുൻനിര ഓട്ടോമൊബൈൽ നിർമ്മാതാക്കളായ ബിഎംഡബ്ല്യു ഉൾപ്പെടെയുള്ളവർക്ക് സോഫ്റ്റ്വെയർ ഡിഫൈൻഡ് കാർ സാങ്കേതികവിദ്യയ്ക്കായുള്ള സോഫ്റ്റ്വെയർ സൊല്യൂഷനുകൾ വികസിപ്പിക്കുന്ന കമ്പനിയാണ് ആക്സിയ ടെക്നോളജീസ്. അടുത്തിടെ അവർ ജർമ്മൻ ഓട്ടോമോട്ടീവ് സോഫ്റ്റ്വെയർ സർവീസ് സ്റ്റാർട്ടപ്പായ ആർട്ടിക്ടെർൺ സൊല്യൂഷൻസ് ജിഎംബിഎച്ച് ഏറ്റെടുത്തിരുന്നു.ആക്സിയ ടെക്നോളജീസിന്റെ കൊച്ചിയിലേക്കുള്ള വിപുലീകരണം, പുതിയ തൊഴിലവസരങ്ങൾ കൊണ്ടുവരികയും മേഖലയുടെ സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകുകയും ചെയ്യുമെന്ന് കമ്പനിയുടെ സ്ഥാപകനും സിഇഒയുമായ ജിജിമോൻ ചന്ദ്രൻ പറഞ്ഞു. പുതുമ, വൈദഗ്ധ്യം, മികവിനോടുള്ള പ്രതിബദ്ധത എന്നിവ സംയോജിപ്പിക്കുന്നതിലൂടെ, ഓട്ടോമോട്ടീവ് സാങ്കേതികവിദ്യയുടെ ലോകത്ത് ക്രിയാത്മകമായ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.നൂതനമായ കണ്ടെത്തലുകളിലും അത്യാധുനിക സാങ്കേതികവിദ്യയിലും ശ്രദ്ധ കേന്ദ്രീകരിച്ച്, ആക്സിയ ടെക്നോളജീസ് ഈ മേഖലയിലെ ടെക് ലാൻഡ്സ്കേപ്പിന് ഒരു പുതിയ മാനം കൊണ്ടുവരുന്നതിനൊപ്പം ഓട്ടോമോട്ടീവ് സാങ്കേതികവിദ്യയുടെ കേന്ദ്രമായി കൊച്ചിയെ അടയാളപ്പെടുത്തുകയും ചെയ്യുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് ജിജിമോൻ ചന്ദ്രൻ വ്യക്തമാക്കി. കൊച്ചിയിൽ അഭിവൃദ്ധി പ്രാപിക്കുന്ന ടെക് ഇക്കോസിസ്റ്റത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ ഞങ്ങൾ സന്തുഷ്ടരാണ്. യൂണിവേഴ്സിറ്റികളിൽ നിന്നും മിടുക്കരായ ബിരുദധാരികളെ റിക്രൂട്ട് ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.. ഈ മേഖലയിലെ കമ്പനിയുടെ നിക്ഷേപം പ്രാദേശിക സമ്പദ്വ്യവസ്ഥയ്ക്ക് ഗുണം ചെയ്യും. ഇന്നൊവേഷനിലും അത്യാധുനിക സാങ്കേതികവിദ്യയിലും ശ്രദ്ധ കേന്ദ്രീകരിച്ച്, ആക്സിയ ടെക്നോളജീസ് കൊച്ചിയുടെ ടെക് ഭൂപടത്തിൽ കാര്യമായ സ്വാധീനം ചെലുത്താൻ ഒരുങ്ങുകയാണ്.




# കെൽട്രോൺ: അപേക്ഷ ക്ഷണിച്ചു

KELTRON
Kerala State Electronics Development Corporation Ltd.
(A Govt. of Kerala Undertaking)

**കൊച്ചി:** എസ്.എസ്.എൽ.സി/പ്ലസ് ടു// ഡിഗ്രി വിദ്യാർത്ഥികൾക്കായുള്ള തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ അപേക്ഷ ക്ഷണിച്ചു. മൊബൈൽ ഫോൺ ടെക്നോളജി, വെയർഹൗസ് ആൻറ് ഇൻവെന്ററി മാനേജ്മെന്റ്, ലോജിസ്റ്റിക്സ് ആൻറ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, അക്കൗണ്ടിങ്ങ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഇന്ത്യൻ ആൻറ് ഫോറിൻ അക്കൗണ്ടിങ്ങ്, ആർക്കിടെക്ചർ ഡ്രാഫ്റ്റിങ്ങ് ആൻറ് ലാൻഡ് സർവ്വെ, മോണ്ടിസോറി ടീച്ചേഴ്സ് ട്രെയ്നിങ്ങ് എന്നീ വിഭാഗങ്ങളിലെ പ്രൊഫഷണൽ ഡിപ്ലോമ/ഡിപ്ലോമ സർട്ടിഫിക്കേഷൻ കോഴ്സുകൾ എന്നിവയിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. കൂടുതൽ വിവരങ്ങൾക്ക് കെൽട്രോൺ നോളജ് സെന്റർ, രണ്ടാം നില, സാന്റോ കോംപ്ലക്സ്, റെയിൽവേ സ്റ്റേഷൻ റോഡ്, പെട്രോൾ പമ്പ് ജംഗ്ഷൻ, ആലുവ എന്ന വിലാസത്തിലോ 8136802304 നമ്പറിലോ ബന്ധപ്പെടാം.

# ഫാസ്റ്റ്ട്രാക്ക് ഓട്ടോമാറ്റിക്സ് വാച്ച് വിപണിയിൽ

**കൊച്ചി:** പ്രമുഖ യൂത്ത് ഫാഷൻ ബ്രാൻഡായ ഫാസ്റ്റ്ട്രാക്ക് ആദ്യ ഓട്ടോമാറ്റിക് വാച്ച് ശേഖരം പുറത്തിറക്കുന്നതായി പ്രഖ്യാപിച്ചു. എല്ലാ രൂപഭാവങ്ങളും മികച്ചതാക്കുവാൻ ആഗ്രഹിക്കുന്നവർക്കുള്ള സമകാലിക ക്ലാസിക് വാച്ചാണ് ഫാസ്റ്റ്ട്രാക്ക് ഓട്ടോമാറ്റിക്സ് എന്ന് ഫാസ്റ്റ്ട്രാക്ക് മാർക്കറ്റിംഗ് ഹെഡ് അജയ് മൗര്യ പറഞ്ഞു.ഒരു യാന്ത്രിക ചലനത്തിന്റെ ക്രാഫ്റ്റും കൃത്യതയും പ്രദർശിപ്പിക്കുന്ന വാച്ചുകളുടെ ശേഖരമാണ് ഫാസ്റ്റ്ട്രാക്ക് ഓട്ടോമാറ്റിക്സ് കളക്ഷനിലുള്ളത്. ഓരോ വാച്ചും ഉയർന്ന ഗുണമേന്മയുള്ള, സെൽഫ്വൈൻഡിങ്ങായ ടൈറ്റൻ ഓട്ടോമാറ്റിക് മൂവ്മെൻറിലാണ് പ്രവർത്തിക്കുന്നത്. ട്രെൻഡ് സെറ്റിംഗ് ആയ വർണ്ണാഭമായ പ്ലേറ്റിംഗാണ് ഫാസ്റ്റ്ട്രാക്ക് ഓട്ടോമാറ്റിക്സ് വാച്ചുകളുടേത്. ഏത് വസ്ത്രത്തിനും യോജിച്ച സ്റ്റൈൽ പോയിൻറുകൾ നൽകുന്നതിന് ഈ വാച്ചുകൾക്ക് കഴിയും.ഫാസ്റ്റ്ട്രാക്ക് ഓട്ടോമാറ്റിക്സിന് ആൺകുട്ടികൾക്കായി മൂന്ന് വേരിയൻറുകളുണ്ട്. മൾട്ടിലേയേർഡ് സ്കെലിറ്റൽ ഡയലിനൊപ്പം പ്രീമിയം ലൈനിംഗോടുകൂടിയ ഉയർന്ന നിലവാരമുള്ള ലെതർ സ്ട്രാപ്പും ചേർന്ന് നൽകുന്ന മികച്ച രൂപമാണ് ഈ വാച്ചുകൾക്കുള്ളതെന്നും അദ്ദേഹം പറഞ്ഞു.പെൺകുട്ടികൾക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന രണ്ട് വേരിയൻറുകളിലും ക്ലാസ്സി റോസ് ഗോൾഡ്, ബോൾഡ് ബ്രൗൺ എന്നീ രണ്ട് ജനപ്രിയ നിറങ്ങളിലുള്ള സ്റ്റെയിൻലെസ് സ്റ്റീൽ കെയ്സുകളും സ്ട്രാപ്പുകളും ഉണ്ട്. ബിസിനസ് കോൺഫറൻസ്, ബാച്ചിലറേറ്റ് പാർട്ടി തുടങ്ങി ഏത് അവസരമായാലും നിങ്ങളുടെ ശൈലി ഉയർത്തിക്കാട്ടുന്ന നിറങ്ങളാണവ. വാച്ച് ഫെയ്സുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത് സ്കെലിറ്റൽ കട്ട്ഔട്ട് ലുക്കിലാണ്. കൂടാതെ




ഫാസ്റ്റ്ട്രാക്ക് ഓട്ടോമാറ്റിക്സിനെ നിങ്ങളുടെ വസ്ത്രങ്ങൾക്ക് യോജിച്ച രീതിയിലാക്കുന്ന ലേയേർഡ് ഡയലുകളും ഉണ്ട്. സ്റ്റൈലിഷായതും ഉയർന്ന പെർഫോമൻസ് നൽകുന്നതുമാണ് ഫാസ്റ്റ്ട്രാക്കിൻറെ പുതിയ ഓട്ടോമാറ്റിക് വാച്ച് ശേഖരമെന്നും അജയ് മൗര്യ പറഞ്ഞു. ഈ ഫുൾ സ്കെലിറ്റൽ ലുക്ക് വാച്ചുകൾ ഫാഷൻ തൽപരരായ യുവ ഉപഭോക്താക്കൾക്ക് ഏറ്റവും അനുയോജ്യമാണ്. ഈ ശക്തവും സമകാലികവുമായ വാച്ചുകൾ സമാനതകളില്ലാത്ത വിലകളിൽ ലഭ്യമാകുന്നതിനാൽ ഏവരുടെയും ശ്രദ്ധപിടിച്ച് പറ്റുമെന്ന് ഉറപ്പാണെന്നും അദ്ദേഹം പറഞ്ഞു.8995 രൂപയിൽ ആരംഭിക്കുന്ന ഫാസ്റ്റ്ട്രാക്ക് ഓട്ടോമാറ്റിക് വാച്ച് ശേഖരം ഇപ്പോൾ എല്ലാ ഫാസ്റ്റ്ട്രാക്ക് സ്റ്റോറുകളിലും ടൈറ്റൻ വേൾഡ് സ്റ്റോറുകളിലും Fastrack.in, Titan.co.in എന്നിവയ്ക്കൊപ്പം വലിയ ഫോർമാറ്റ് സ്റ്റോറുകൾ, എക്സ്ക്ലൂസീവ് അംഗീകൃത ഡീലർമാർ, എക്സ്ക്ലൂസീവ് ഓൺലൈൻ പങ്കാളിയായ മിന്ത്ര എന്നിവിടങ്ങളിൽ ലഭ്യമാണ്.

